VOL NO: 07 I ISSUE 22
www.nerpatham.com
mail@nerpatham.com
2023 JUNE 10 I ₹10

# നേർപഥം

വാരിക



# ശാശ്വത വിജയത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ

ഭൂമിയിലേക്ക് ജനിച്ച് വീണതു മുതൽ മരണത്തോടു കൂടെ അവസാനിക്കുന്നതല്ല മനുഷ്യജീവിതം എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മറിച്ച്, മരണാനന്തരവും തുടരുന്ന വൈയക്തികാനുഭവങ്ങളുടെ അനുസ്യൂത പ്രവാഹമാണത്. അതിരുകളില്ലാത്ത മരണാനന്തര ജീവിത വിജയത്തിന് വേണ്ടി നാം നമ്മെത്തന്നെ നവീകരിക്കൽ അനിവാര്യമാണ്. എങ്ങനെയാണത്? ഇതിനായി ഏത് വിധേനെയാണ് ചിന്തകളെയും കാഴ്ചപ്പാടുകളെയും പ്രവർത്തനങ്ങളെയും മാറ്റിപ്പണിയേണ്ടത്?

## ഈ ഹദീസ് ക്വുർആൻ സൂക്തത്തിനെതിരോ?

- പുണ്യത്തിന്റെ വിവിധ വഴികൾ
- ഇവർ വാരിപ്പുണരുന്നത് കെട്ട സംസ്‌കാരത്തെ!
- ജസ്റ്റീസ് ധൂലിയയുടെ വിധി ഫാസിസത്തിനേറ്റ പ്രഹരം




**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0333
# നേർപഥം
വാരിക

2023 ജൂൺ 10
1444 ദുൽഖഅ്ദ 21
പുസ്തകം 07 / ലക്കം 23




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
ശാശ്വത വിജയത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ
അർഷാദ് അഞ്ചൽ

മുഖമൊഴി
05
ഇവർ വാരിപ്പുണരുന്നത് കെട്ട സംസ്കാരത്തെ!

ഫത്‌വ
06
ഈ ഹദീസ് ക്വുർആൻ സൂക്തത്തിനെതിരോ?
ശൈഖ് നാസ്വിറുദ്ദീൻ അൽബാനി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

ലേഖനം
26
ജസ്റ്റീസ് ധൂലിയയുടെ വിധി ഫാസിസത്തിനേറ്റ പ്രഹരം
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18
പുണ്യത്തിന്റെ വിവിധ വഴികൾ
ഡോ. ടി. കെ യൂസുഫ്

ലേഖനം
30
ആദ്യം പുലർച്ച, പിന്നെ പ്രവചനം!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ക്വുർആൻ ദർശനം
22
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

കവിത
33
ദൃഷ്ടാന്തങ്ങൾ
അബ്ദുൽ ജലീൽ

25
നന്ദികേട് കാണിച്ച തോട്ടക്കാരന്റെ കഥ
അബൂഫായിദ

ബാലപഥം
34
പറവകൾ
ഉസ്മാൻ പാലക്കാഴി



# വിസ്ഡം മാധ്യമ സെമിനാർ സമാപിച്ചു

കോഴിക്കോട്: സമൂഹത്തിന്റെ പൊതുബോധ നിർമിതിയിൽ മാധ്യമങ്ങൾ വലിയ പങ്കുവഹിക്കുന്നതിനാൽ ഈ രംഗത്ത് ശ്രദ്ധാപൂർവമായ ഇടപെടലുകൾ നടത്താൻ മാധ്യമപ്രവർത്തകർ തയ്യാറാകണമെന്നും ഭിന്നിപ്പുണ്ടാക്കാതെ മതേതര നിലപാടുകൾക്കൊപ്പം നിലകൊള്ളാൻ മാധ്യമങ്ങൾക്ക് സാധിക്കേണ്ടതുണ്ടെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മാധ്യമ സെമിനാർ അഭിപ്രായപ്പെട്ടു. സെമിനാർ ശ്രീ.കെ. മുരളീധരൻ എം.പി. ഉദ്ഘാടനം ചെയ്തു.

പബ്ലിക് റിലേഷൻ, മീഡിയ വകുപ്പുകളുടെ ജില്ല, മണ്ഡലം കൺവീനർമാർ സെമിനാറിൽ പങ്കെടുത്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി. കെ. അഷ്റഫ്, ട്രഷറർ കെ. സജ്ജാദ്, ചന്ദ്രിക എഡിറ്റർ കമാൽ വരദൂർ, ഉമർ പുതിയോട്ടിൽ, അബ്ദുറഷീദ് കുട്ടമ്പൂർ, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പി. പി. നസീഫ്, സെക്രട്ടറി ഷബീർ കൂത്തുപറമ്പ്, വിസ്ഡം സ്റ്റുഡൻസ് സെക്രട്ടറി സി.വി കാബിൽ. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി അംഗം മുജീബ് മദനി ഒട്ടുമ്മൽ, അബ്ദുസ്സലാം സുറുമ, വി.അബ്ദുല്ലത്വീഫ് മാസ്റ്റർ, ടി. പി. അബ്ദുൽഅസീസ് എന്നിവർ സംബന്ധിച്ചു. ■

# വിവിധ പരിപാടികൾ

സംഘടനാ ഭാരവാഹികൾക്കായി സംഘടിപ്പിച്ചു വരുന്ന പരിശീലന ക്യാമ്പിന്റെ തുടർച്ചയായി തൊടുപുഴയിൽ വെച്ച് ഇടുക്കി ജില്ലാ ഓറിയന്റേഷൻ ക്യാമ്പും ഈരാറ്റുപേട്ടയിൽ വെച്ച് കോട്ടയം മണ്ഡലം ഓറിയന്റേഷൻ ക്യാമ്പും സംഘടിപ്പിച്ചു. വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി, വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി, സി.പി.സലീം, നബീൽ രണ്ടത്താണി, റഷീദ് കൊടക്കാട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

വിസ്ഡം യൂത്ത് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ, ശാഖാ ഭാരവാഹികളെ പങ്കെടുപ്പിച്ചു കൊണ്ട് ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചു വരുന്ന എക്സ്പേർട്ട് മീറ്റ് മലപ്പുറം ഈസ്റ്റ്, വയനാട് എന്നീ ജില്ലകളിൽ നടന്നു. ജീവിത വിശുദ്ധി കൈവരിക്കുക, ആത്മീയമായ പാഠങ്ങൾ മനസ്സിലാക്കുക, ദാമ്പത്യ ജീവിതം മനോഹരമാക്കുക, മക്കളുടെ പരിപാലനം ശരിയായ നിലയിൽ നിർവഹിക്കുക, ഉപജീവന മാർഗം വിശുദ്ധമാക്കുക, യുവാക്കൾ അകപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാത്തരം ചതിക്കുഴികളിൽനിന്നും അവരെ സംരക്ഷിച്ചു നിർത്തുക, ലഹരിക്കും തീവ്രവാദത്തിനും ആത്മീയ ചൂഷണങ്ങൾക്കും എതിരായ പോരാട്ടങ്ങൾക്ക് കൂടുതൽ മികവും കൃത്യതയും രൂപപ്പെടുത്തുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് എക്സ്പേർട്സ് മീറ്റുകൾ സംഘടിപ്പിച്ചു വരുന്നത്.

മുഹമ്മദ് സ്വാദിഖ് മദീനി, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.താജുദ്ദീൻ സ്വലാഹി, സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. നിശാദ് സലഫി, ഭാരവാഹികളായ ഹാരിസ് കായക്കൊടി, മുസ്തഫ മദനി, അബ്ദുല്ല അൻസാരി, ജംഷീർ സ്വലാഹി, ബഷീർ വി. പി, ഫിറോസ് ഖാൻ സ്വലാഹി, സിനാജുദ്ദീൻ പി, സംസ്ഥാന പ്രവർത്തക സമിതിയംഗങ്ങളായ മുനവ്വർ സ്വലാഹി, സഫീർ അൽഹികമി, അബ്ദുറഹ്മാൻ ചുങ്കത്തറ, മജീദ് ബസ്തക്, സ്വലാഹുദ്ദീൻ ഇബ്നു സലീം, റഫീഖ് ഇരിവേറ്റി തുടങ്ങിയവർ നേതൃത്വം നൽകി.

വിസ്ഡം യൂത്ത് പ്രൊഫഷണൽ വിംഗിന്റെ നേതൃത്വത്തിൽ Emerge വർക്ക്ഷോപ്പ് പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി ഡോ. അബ്ദുൽമാലിക് പി.പി, മുഹമ്മദ് അജ്മൽ. സി, അബ്ദുറഹ്മാൻ ചുങ്കത്തറ തുടങ്ങിയവർ നേതൃത്വം നൽകി.

സെപ്തംബർ 8, 9, 10 തീയതികളിൽ കോഴിക്കോട് വെച്ച് നടക്കുന്ന 27ാമത് പ്രൊഫ്കോണിന്റെ മുന്നോടിയായുള്ള പ്രവർത്തക കൺവെൻഷൻ കോഴിക്കോട് വെച്ച് നടന്നു. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, കെ. സജാദ്, വിസ്ഡം യൂത്ത് ട്രഷറർ അൻഫസ് മുക്റം, വിസ്ഡം സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർശദ് താനൂർ, ജനറൽ സെക്രട്ടറി ഷമീൽ മഞ്ചേരി, ട്രഷറർ ഷബീബ് തുടങ്ങിയവർ സംബന്ധിച്ചു. ■

# ഇവർ വാരിപ്പുണരുന്നത് കെട്ട സംസ്കാരത്തെ!

ഒരു മനുഷ്യനെ യഥാർഥ മനുഷ്യനാക്കുന്ന ഘടകമാണ് ഉത്തമ സംസ്കാരം. താൻ ജീവിക്കുന്ന ചുറ്റുപാടുകളും സാഹചര്യവും മനുഷ്യന്റെ സ്വഭാവത്തെ ശക്തമായി സ്വാധീനിക്കുന്നു എന്നത് ഒരു വസ്തുതയാണ്. വളരുന്ന ചുറ്റുപാട് വികൃതവും ജീർണവുമാണെങ്കിൽ മനുഷ്യൻ തിന്മയുടെ വക്താവായിത്തീരുന്നു. ജീവിത പശ്ചാത്തലം ശുദ്ധവും സംസ്കാരസമ്പന്നവുമാണെങ്കിൽ അവനിൽ നന്മ പ്രതിഫലിച്ച് കാണും.

തങ്ങളുടെ സന്താനങ്ങൾ നല്ല വ്യക്തിത്വത്തിന്റെ ഉടമകളായിരിക്കണം എന്നത് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. ഈ ആഗ്രഹം പക്ഷേ, പലപ്പോഴും പൂവണിയാതെ പോകുന്നത് ഒരു പരിധിവരെ വളരുന്ന സാഹചര്യം ശരിയല്ലാത്തത് കൊണ്ടാണ്. ജീവിത വിശുദ്ധി കൊതിക്കുന്നവർ തന്നെ പരിഷ്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരിൽ മലീമസമായ സംസ്കാരത്തെ പുണരുന്ന നിർഭാഗ്യകരമായ ഒരു അവസ്ഥയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ശാസ്ത്രപുരോഗതി നൽകിയ അഹന്ത കാര്യങ്ങളെ യഥാവിധി വിലയിരുത്തുന്നതിൽ മനുഷ്യനു മുമ്പിൽ തടസ്സമായി നിൽക്കുകയാണ്. ശാസ്ത്രം എമ്പാടും സൗകര്യങ്ങളും എളുപ്പവും മനുഷ്യന് നൽകിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

ദൈവം നിശ്ചയിച്ച പരിധികൾ തകർത്ത് സർവതന്ത്ര സ്വതന്ത്രരായി വിരാജിക്കുവാൻ മനുഷ്യൻ തയ്യാറായതിന്റെ ഫലമായി അവന്റെ മുമ്പിൽ പ്രതിസന്ധികൾ കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. അത്തരക്കാർക്ക് മനസ്സമാധാനം ഒരു കിട്ടാക്കനിയായിരിക്കുന്നു.

ലൈംഗിക അരാജകത്വവും മയക്കുമരുന്ന് ഉപയോഗവുമാണ് സമൂഹത്തിൽ ഏറെ സങ്കീർണതകൾ ഉണ്ടാക്കിയിരിക്കുന്നത്. പൊതുജനമധ്യത്തിൽ വെച്ച് അന്യ സ്ത്രീ-പുരുഷന്മാർക്ക് പരസ്പരം ചുംബിക്കുവാനും ആണിനും പെണ്ണിനും ഇടകലർന്ന് ഇരിക്കുവാനും പരിധികളില്ലാത്ത വിധം ഇടകലരുവാനുമൊക്കെ സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞ് സമരം ചെയ്യുവാൻ വരെ സമത്വ-സ്വാതന്ത്ര്യവാദികൾ രംഗത്ത് വരുന്നത് കെട്ട സംസ്കാരത്തെ സൂചിപ്പിക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

പരിധികളില്ലാത്ത ആൺ-പെൺ സൗഹൃദങ്ങൾക്ക് വേണ്ടി വാദിക്കുന്നവർ മുന്നോട്ടുവെക്കുന്ന ആശയം ലിംഗ സമത്വമാണ്. പരിധികളും ഉപാധികളും ഇല്ലാത്ത ആൺ-പെൺ സൗഹൃദങ്ങൾക്ക് എതിര് നിൽക്കുന്നവർ ലിംഗ വിവേചനത്തെയാണ് പ്രതിനിധീകരിക്കുന്നത് എന്നാണ് ഇവരുടെ വാദം.

മനുഷ്യൻ കന്നുകാലികളെ പോലെ ജീവിക്കുവാൻ പാടില്ലെന്നും ചില വിധികളും വിലക്കുകളും അവൻ പാലിക്കേണ്ടതുണ്ടെന്നും മതം പഠിപ്പിക്കുമ്പോൾ മതവും ദൈവവിശ്വാസവും അറുപഴഞ്ചൻ സംസ്കാരമാണ് പഠിപ്പിക്കുന്നതെന്നും ശാസ്ത്രം അത്യുന്നതിയിലെത്തി നിൽക്കുന്ന ആധുനിക ലോകത്തിന് അത് അപമാനമാണ് എന്നൊക്കെയാണ് മതനിഷേധികളുടെ പ്രചാരണം. മതത്തോടുള്ള ശത്രുത സകല വിധ മൂല്യങ്ങളെയും എതിർക്കുന്നതിലേക്ക് ഇവരെ എത്തിച്ചിരിക്കുന്നു. പ്രത്യേകിച്ചും ഇസ്‌ലാം പഠിപ്പിക്കുന്ന മൂല്യങ്ങളോടാണ് ഇവരുടെ ശക്തമായ എതിർപ്പ്.

ഇസ്‌ലാം സകലവിധ ചൂഷണങ്ങളെയും എതിർക്കുന്നു. ലഹരിവസ്തുക്കളെ നിഷിദ്ധമായി ഗണിക്കുന്നു. വ്യഭിചാരത്തെ വിലക്കുന്നു. ഭൗതികവാദികളെ സംബന്ധിച്ചിടത്തോളം ഇവയൊക്കെയാണ് ജീവിതത്തെ ആഘോഷമാക്കുന്നത്. അവയെ കഠിനമായി എതിർക്കുന്ന ഇസ്‌ലാമിനോട് പിന്നെ അവരെങ്ങനെ ശത്രുത പുലർത്താതിരിക്കും?! ■



# ഈ ഹദീസ് ക്വുർആൻ സൂക്തത്തിനെതിരോ?

**ശൈഖ് നാസ്വിറുദ്ദീൻ അൽബാനി**
**വിവ: മുഹമ്മദ് സിയാദ് കണ്ണൂർ**

*ചോദ്യം:* ഇവിടെ ചിലരുണ്ട്, അവർ പറയുന്നു: ഒരു ഹദീസ് ക്വുർആൻ വചനത്തിന് എതിരായാൽ, ആധികാരികതയുടെ വിഷയത്തിൽ അത് ഏത് പദവിയിലായാലും അതിനെ തള്ളിക്കളയണം. ശേഷം, അവർ ഉദാഹരണമായി ഈ ഹദീസ് ഉദ്ധരിക്കും: “മരിച്ച വ്യക്തി, തന്റെ വീട്ടുകാരുടെ വിലാപം കാരണമായി ശിക്ഷിക്കപ്പെടും.” ഈ ഹദീസിനെ നിരാകരിക്കുന്നതിനുവേണ്ടി അവർ, ആഇശ(റ) അല്ലാഹുവിന്റെ ഈ വചനമാണുപയോഗിച്ചതെന്നു തെളിവ് പിടിക്കുന്നു. “പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കയില്ല” (സൂറഃ ഫാത്വിർ 18). ഇത് പറയുന്നവർക്ക് എങ്ങനെയാണ് മറുപടി കൊടുക്കുക?

*മറുപടി:* ഈ ഹദീസിനെ നിരാകരിക്കുന്നത് ക്വുർആൻകൊണ്ട്

ഹദീസ് നിഷേധിക്കുന്ന പ്രവണതയിലാണ് ഉൾപ്പെടുക. ഇത് ഇവരുടെ വ്യതിയാനത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ഹദീസിനെ കുറിച്ചുള്ള മറുപടി-വിശിഷ്യാ ആഇശ(റ)യുടെ ഹദീസിനെ സ്വീകരിക്കുന്നവരെയാണ് ഞാൻ പരാമർശിക്കുന്നത്-അത് ഇപ്രകാരമാണ്:

ഒന്ന്, ഹദീസിന്റെ കാഴ്ചപ്പാടിലൂടെ: ഒരു ഹദീസിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഈ ഹദീസ് നിരാകരിക്കാൻ യാതൊരു മാർഗവുമില്ല. അതിന്ന് രണ്ട് കാരണങ്ങളാണുള്ളത്.

(1) അത് ഇബ്നു ഉമറി(റ)ന്റെ സ്വഹീഹായ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടതാണ്.

(2) ഇത് റിപ്പോർട്ട് ചെയ്യുന്നതിൽ ഇബ്നു ഉമർ ഒറ്റപ്പെട്ടിട്ടില്ല. പ്രത്യുത, അതിൽ ഉമർ(റ) അദ്ദേഹത്തെ പിന്തുടർന്നിട്ടുണ്ട്. ഇനി, അദ്ദേഹവും മകനും മാത്രമല്ല ഇത് റിപ്പോർട്ട് ചെയ്തത്. അവർ രണ്ട് പേരെയും പിന്തുടർന്നുകൊണ്ട് മുഗീറത്തുബ്നു ശുഅ്ബ(റ)യുമുണ്ട്. ഇതാണ് ഈ സമയത്ത് എന്റെ ഓർമയിൽ വരുന്നത്. കാരണം ഈ മൂന്ന് സ്വഹാബിമാരുടെയും റിപ്പോർട്ടുകൾ ഇരു സ്വഹീഹുകളിലും കാണാം.

ഇനി, ഈ ഹദീസിനെക്കുറിച്ച് മാത്രമായി ഒരാൾ ഗവേഷണം നടത്തുകയാണെങ്കിൽ, അവന് മറ്റ് പരമ്പരകൾ കൂടി കണ്ടെത്താൻ സാധിക്കും. ഈ മൂന്ന് ഹദീസുകളുടെയും പരമ്പര സ്വഹീഹാണ്. അതിനാൽ, പരിശുദ്ധ ക്വുർആനിന്ന് എതിരാണെന്ന് വാദിച്ചുകൊണ്ട് അതിനെ നിരാകരിക്കാവതല്ല.

രണ്ട്, തഫ്സീറിന്റെ കാഴ്ചപ്പാടിലൂടെ: ഈ ഹദീസിനെ പണ്ഡിതന്മാർ രണ്ട് നിലയ്ക്കാണ് വ്യാഖ്യാനിച്ചത്:

(1) ഈ ഹദീസ് ബാധകമാകുന്നത്, മരിച്ചുപോയ ഒരു വ്യക്തിയുടെ മേലാണ്. അയാൾ, താൻ മരിച്ച് കഴിഞ്ഞാൽ തന്റെ വീട്ടുകാർ മതവിരുദ്ധ പ്രവൃത്തികൾ ചെയ്യുമെന്ന് തന്റെ ജീവിതകാലത്ത് തന്നെ അറിയാവുന്ന ഒരാളാണ്. എന്നിട്ടും അന്ന് അയാൾ തന്റെ കുടുംബത്തെ ഉപദേശിച്ചില്ല. തന്റെ മരണശേഷം ഇവരുടെ കരച്ചിൽ കാരണമായി താൻ ക്വബ്റിൽ ശിക്ഷിക്കപ്പെടും എന്നതുകൊണ്ട് നിങ്ങൾ കരയരുതെന്ന് അയാൾ താക്കീത് ചെയ്തിട്ടുമില്ല.

> **മരിച്ച എല്ലാ വ്യക്തികളും തങ്ങളുടെ വീട്ടുകാരുടെ വിലാപം കാരണമായി ശിക്ഷിക്കപ്പെടുമെന്നല്ല, മറിച്ച് ഇവിടെയുപയോഗിച്ച 'അൽ' എന്ന പദം നിശ്ചിതപ്പെടുത്താനുള്ളതാണ്. അതായത് തന്റെ മരണശേഷം മതവിരുദ്ധപ്രവർത്തനങ്ങൾ ആരും ചെയ്യരുതെന്ന് ഉപദേശിക്കാത്ത ഒരാളാണ് ഇവിടെ ഉദ്ദേശ്യം. അപ്പോൾ ഇത്തരം വ്യക്തികളാണ് തങ്ങളുടെ വീട്ടുകാരുടെ കരച്ചിൽ കാരണമായി ശിക്ഷിക്കപ്പെടുന്നത്. എന്നാൽ അനിവാര്യമായ ഉപദേശങ്ങൾ നൽകുകയും തന്റെമേൽ വിലപിക്കരുതെന്നും ഈ കാലഘട്ടത്തിൽ കണ്ടുവരുന്ന നിഷിദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നുമുള്ള മതപരമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ അവൻ ഉപദേശനിർദേശങ്ങൾ നൽകിയില്ലെങ്കിൽ ശിക്ഷിക്കപ്പെടും.**

'മരിച്ച വ്യക്തി' (അൽമയ്യിത്ത്) എന്നതിൽ ഉപയോഗിച്ച 'അൽ' എന്നതിന്റെ ഉദ്ദേശ്യം മുഴുവൻ (മരിച്ച ആളുകളും) ഉൾക്കൊള്ളുകയില്ല എന്നാണ്. അതായത് മരിച്ച എല്ലാ വ്യക്തികളും തങ്ങളുടെ വീട്ടുകാരുടെ വിലാപം കാരണമായി ശിക്ഷിക്കപ്പെടുമെന്നല്ല, മറിച്ച് ഇവിടെയുപയോഗിച്ച 'അൽ' എന്ന പദം നിശ്ചിതപ്പെടുത്താനുള്ളതാണ്. അതായത് തന്റെ മരണശേഷം മതവിരുദ്ധപ്രവർത്തനങ്ങൾ ആരും ചെയ്യരുതെന്ന് ഉപദേശിക്കാത്ത ഒരാളാണ് ഇവിടെ ഉദ്ദേശ്യം. അപ്പോൾ ഇത്തരം വ്യക്തികളാണ് തങ്ങളുടെ വീട്ടുകാരുടെ കരച്ചിൽ കാരണമായി ശിക്ഷിക്കപ്പെടുന്നത്. എന്നാൽ അനിവാര്യമായ ഉപദേശങ്ങൾ നൽകുകയും തന്റെമേൽ വിലപിക്കരുതെന്നും ഈ കാലഘട്ടത്തിൽ കണ്ടുവരുന്ന നിഷിദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നുമുള്ള മതപരമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ അവൻ ഉപദേശ നിർദേശങ്ങൾ നൽകിയില്ലെങ്കിൽ ശിക്ഷിക്കപ്പെടും.

ഒന്നാമത്തെ വ്യാഖ്യാനത്തിൽ നിന്നും നാം അനിവാര്യമായും മനസ്സിലാക്കേണ്ട വിശദീകരണമാണിത്. ഇതാണ് (ഇമാം) നവവിയുടെയും അതുപോലെയുള്ള പ്രശസ്തരും അറിയപ്പെടുന്നവരുമായ ഭൂരിഭാഗം പണ്ഡിതന്മാരുടെയും നിലപാട്. ഈ വിശദീകരണം നമുക്ക് മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ ഈ ഹദീഥും "പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കയില്ല" (അൽഅൻആം: 164) എന്ന അല്ലാഹുവിന്റെ വചനവും തമ്മിൽ വൈരുധ്യമൊന്നും ഇല്ലെന്ന് വ്യക്തമാകും. എന്നാൽ 'അൽമയ്യിത്ത്' എന്ന പദത്തിലെ 'അൽ' എന്നതിൽ എല്ലാവരും ഉൾപ്പെടും എന്ന് മനസ്സിലാക്കിയാലാണ് വൈരുധ്യമുണ്ടെന്ന് തോന്നുക. അതായത്, എല്ലാ മരിച്ചവരും ശിക്ഷിക്കപ്പെടും എന്ന്. അങ്ങനെയാ കുമ്പോൾ ഹദീസ് അവ്യക്തമാകുകയും ക്വുർആൻ വചനത്തിന് വിരുദ്ധമാവുകയും ചെയ്യും. എന്നാൽ, നാം മുമ്പ് സൂചിപ്പിച്ച

രീതിയിൽ അതിന്റെ ആശയത്തെ മനസ്സിലാക്കിയാൽ, ഒരു വൈരുധ്യവും അവ്യക്തതയുമില്ല. കാരണം, അയാൾ (ക്വബ്റിൽ വെച്ച്) ശിക്ഷിക്കപ്പെടുന്നത് വേണ്ട ഉപദേശനിർദേശങ്ങൾ നൽകാത്തതുകൊണ്ടാണ് (എന്ന് മനസ്സിലാകും). വൈരുധ്യമുണ്ടെന്ന് വാദിക്കുന്നവർക്കുള്ള ഖണ്ഡനമായി ഈ ഹദീഥിനെ വ്യാഖ്യാനിച്ച ഒന്നാമത്തെ രീതിയാണിത്.

(2) രണ്ടാമത്തെ വ്യാഖ്യാനം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യുടെതാണ്. അദ്ദേഹം തന്റെ ചില രചനകളിൽ സൂചിപ്പിച്ചു; ഇവിടെ ശിക്ഷ എന്നത് കൊണ്ടുദ്ദേശിക്കുന്നത് ക്വബ്ർ ശിക്ഷയോ, പരലോകത്തെ ശിക്ഷയോ അല്ല. മറിച്ച്, വേദനയും ദുഃഖവും എന്ന ഉദ്ദേശ്യത്തിലാണ്. അതായത്, മരിച്ച വ്യക്തി തന്റെ വീട്ടുകാരുടെ കരച്ചിൽ കേട്ടാൽ അതിൽ ഖേദിക്കുകയും ദുഃഖിക്കുകയും ചെയ്യും.

ഇപ്രകാരമാണ് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറഞ്ഞത്. ഇത് ശരിയാണെങ്കിൽ ആ തെറ്റിദ്ധാരണ വേരോടെ പിഴുതെറിയപ്പെടും.

എന്നാൽ ഞാൻ പറയുന്നു: ഈ വ്യാഖ്യാനം രണ്ട് യാഥാർഥ്യങ്ങൾക്ക് എതിരാണ്. അതുകൊണ്ട് ഹദീസിന്റെ ഒന്നാമത്തെ വ്യാഖ്യാനത്തെ ആശ്രയിക്കുകയല്ലാതെ നിവൃത്തിയില്ല.

ഒന്നാമതായി: മുമ്പൊരിക്കൽ ഞാൻ സൂചിപ്പിച്ച മുഗീറ ഇബ്നു ശുഅ്ബ(റ)യുടെ ഹദീസിൽ, ഈ ശിക്ഷ വേദനയും ദുഃഖവുമല്ല, മറിച്ച് യഥാർഥശിക്ഷ തന്നെയാണ് എന്ന് സൂചിപ്പിക്കുന്ന ഒരു അനുബന്ധമുണ്ട്. അതായത്, അല്ലാഹു അവന് പൊറുത്ത് കൊടുത്തില്ലെങ്കിൽ അവന് നരകശിക്ഷ ലഭിക്കും. ഇത് അല്ലാഹുവിന്റെ വചനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

"തന്നോട് പങ്ക് ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവർ പൊറുത്തുകൊടുക്കുന്നതാണ്" (സൂറതുന്നിസാഅ്: 48).

മുഗീറ(റ)യുടെ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു: "നിശ്ചയം, മരിച്ച വ്യക്തി തന്റെ വീട്ടുകാരുടെ വിലാപം കാരണം അന്ത്യനാളിൽ ശിക്ഷിക്കപ്പെടും." തന്റെ വീട്ടുകാരുടെ കരച്ചിൽ കാരണമായി മരിച്ച വ്യക്തി അന്ത്യനാളിലാണ് ശിക്ഷിക്കപ്പെടുക എന്ന് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതാണ് വേദനയും ദുഃഖവുമെന്ന് ഇബ്നുതൈമിയ്യ വ്യാഖ്യാനിച്ചത്.

രണ്ടാമതായി: ഒരാൾ മരിച്ചാൽ അയാൾക്ക് ചുറ്റും നടക്കുന്ന ഒന്നും അയാൾ അറിയുകയില്ല. അത് നന്മയായാലും തിന്മയായാലും സമമാണ്. ഇത് ക്വുർആനും സുന്നത്തും അറിയിച്ചുതരുന്ന കാര്യമാണ്. എന്നാൽ ചില അവസരങ്ങളിൽ ഇതിന്നപവാദമുണ്ട്. അത് ചില ഹദീസുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവ ഒന്നുകിൽ മരിച്ച എല്ലാവർക്കുമുള്ള നിയമമെന്ന നിലക്ക്; അല്ലെങ്കിൽ വേദന അറിയിക്കുന്നതിനു വേണ്ടി കാര്യങ്ങൾ ചിലർക്ക് അല്ലാഹു കേൾപിക്കുമെന്ന നിലക്ക്.

**ഒരാൾ മരിച്ചാൽ അയാൾക്ക് ചുറ്റും നടക്കുന്ന ഒന്നും അയാൾ അറിയുകയില്ല. അത് നന്മയായാലും തിന്മയായാലും സമമാണ്. ഇത് ക്വുർആനും സുന്നത്തും അറിയിച്ചുതരുന്ന കാര്യമാണ്. എന്നാൽ ചില അവസരങ്ങളിൽ ഇതിന്നപവാദമുണ്ട്. അത് ചില ഹദീസുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവ ഒന്നുകിൽ മരിച്ച എല്ലാവർക്കുമുള്ള നിയമമെന്ന നിലക്ക്; അല്ലെങ്കിൽ വേദന അറിയിക്കുന്നതിനു വേണ്ടി കാര്യങ്ങൾ ചിലർക്ക് അല്ലാഹു കേൾപിക്കുമെന്ന നിലക്ക്.**

ഒന്നാമത്തെ പരാമർശത്തിന്ന് ബുഖാരി തന്റെ 'സ്വഹീഹി'ലുദ്ധരിച്ച അനസുബ്നുമാലികിന്റെ ഹദീസാണ് തെളിവ്. അനസ്(റ) നിവേദനം, റസൂൽ(സ്വ) പറഞ്ഞു:

"(അല്ലാഹുവിന്റെ) ഒരടിമയെ അവന്റെ ക്വബ്റിലേക്ക് വെച്ചശേഷം അവന്റെ ആളുകളെല്ലാം പിരിഞ്ഞുപോയാൽ- അവരുടെ ചെരുപ്പിന്റെ ശബ്ദം അവൻ കേൾക്കുന്ന ആ സമയത്ത് തന്നെ- രണ്ട് മലക്കുകൾ അവന്റെയടുക്കലേക്ക് വരും."

മറമാടിക്കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞുപോകുന്ന സമയത്ത് മരിച്ച വ്യക്തിക്ക് ഒരു പ്രത്യേക തരം കേൾവിയുണ്ടെന്ന് ഈ സ്വഹീഹായ ഹദീസ് സ്ഥിരപ്പെടുത്തുന്നു. അതായത്, രണ്ട് മലക്കുകൾ അവന്റെയരികിൽ വന്ന് ഇരിക്കുമ്പോൾ, അവന്റെ ആത്മാവിനെ അവന്റെ ശരീരത്തിലേക്ക് മടക്കും. ഈ അവസ്ഥയിൽ അവൻ ചെരുപ്പിന്റെ ശബ്ദം കേൾക്കും. അപ്പോൾ, ഈ മരിച്ച വ്യക്തിയും എല്ലാ മരിച്ചവരും തങ്ങളുടെ ആത്മാക്കൾ തങ്ങളിലേക്ക് മടക്കപ്പെട്ടശേഷം ഉയിർത്തെഴുന്നേൽപിന്റെ നാൾ വരേക്കും ക്വബ്റിന്നരികിലൂടെ നടന്നുപോകുന്നവരുടെ ചെരുപ്പടി ശബ്ദം കേട്ടുകൊണ്ടേയിരിക്കും എന്ന ആശയം ഈ ഹദീസിനില്ല! അങ്ങനെയല്ല തന്നെ.

ഇതൊരു പ്രത്യേക സാഹചര്യമാണ്. മരിച്ചവന്റെത് പ്രത്യേക തരം കേൾവിയുമാണ്. കാരണം അവന്റെ ആത്മാവ് അവനിലേക്ക് മടക്കപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ നാം ഇബ്നുതൈമിയ്യയുടെ വ്യാഖ്യാനം സ്വീകരിക്കുകയാണെങ്കിൽ, മരിച്ച വ്യക്തിയുടെ



ഇന്ദ്രിയങ്ങൾ കൂടുതൽ വിശാലമാക്കാൻ നാം നിർബന്ധിതരാകും. എത്രത്തോളമെന്നാൽ, അവന്റെ ചുറ്റും നടക്കുന്നത് മുഴുവൻ അതിലുൾപ്പെടുത്തേണ്ടിവരും. അത് മറമാടുന്നതിന് മുമ്പ് ക്വബ്‌റിലേക്ക് കൊണ്ടുപോകുമ്പോഴോ, ക്വബ്‌റിൽ വെച്ച ശേഷമോ ആയാലും സമമാണ്- അതായത് ജീവിച്ചിരിക്കുന്ന തന്റെ ബന്ധുക്കൾ അവന്ന് വേണ്ടി കരയുന്നത് അവൻ കേൾക്കും. ഇതിന് (പ്രാമാണികമായ) തെളിവ് ആവശ്യമാണ്. അതില്ല. അതാണ് ആദ്യം വേണ്ടത്.

രണ്ടാമതായി, ക്വുർആനിലെയും സ്വഹീഹായ ഹദീസുകളിലെയും ചില വാക്യങ്ങൾ മരിച്ചവർ കേൾക്കുകയില്ല എന്ന് സൂചിപ്പിക്കുന്നതാണ്. ഇതൊരു വലിയ വിഷയമാണ്. എന്നാൽ ഞാൻ ഒരു ഹദീസുദ്ധരിക്കാം. അത് സംശയത്തിനുള്ള മറുപടിയായേക്കും. നബി(സ്വ)യുടെ വാക്ക്:

"നിശ്ചയം, അല്ലാഹുവിന് ഭൂമിയിലൂടെ സഞ്ചരിക്കുന്ന ചില മലക്കുകളുണ്ട്. അവർ എന്റെ സമുദായത്തിന്റെ അഭിവാദ്യങ്ങൾ (സലാം) എനിക്കെത്തിച്ചുതരും." 'സഞ്ചരിക്കും' എന്നത് കൊണ്ടുള്ള ഉദ്ദേശ്യം പതിവായ ഒരുമിച്ചുകൂടലുകളാണ്. അപ്പോൾ, ഒരു മുസ്‌ലിം നബി(സ്വ)യുടെ മേൽ സ്വലാത്ത് ചെല്ലുമ്പോഴെല്ലാം, നിർദിഷ്ട മലക്ക് ആ മുസ്‌ലിമിൽ നിന്നും ആ 'സലാം' നബി(സ്വ)യിലേക്ക് എത്തിക്കും. അപ്പോൾ, മരിച്ചവർ കേൾക്കുമായിരുന്നുവെങ്കിൽ, മരിച്ചവരുടെ കൂട്ടത്തിൽ കേൾക്കുവാൻ ഏറ്റവും അർഹനായവൻ നമ്മുടെ നബി(സ്വ)യായിരുന്നു. കാരണം അല്ലാഹു അദ്ദേഹത്തെ മഹത്ത്വപ്പെടുത്തുകയും മുഴുവൻ നബിമാരെക്കാളും ദൂതന്മാരെക്കാളും മറ്റു ജനങ്ങളെക്കാളുമെല്ലാം സവിശേഷതകൾ അദ്ദേഹത്തിന്ന് നൽകുകയും ചെയ്തിട്ടുണ്ട്. അപ്പോൾ, ആർക്കെങ്കിലും അത് കേൾക്കാൻ സാധിക്കുമായിരുന്നെങ്കിൽ അത് തീർച്ചയായും റസൂലി(സ്വ)നാകുമായിരുന്നു. കൂടാതെ, പ്രവാചകന്റെ മരണശേഷം എന്തെങ്കിലും കേൾക്കാൻ സാധിക്കുമായിരുന്നെങ്കിൽ തന്റെ സമുദായത്തിന്റെ സ്വലാത്ത് കേൾക്കണമായിരുന്നു.

അപ്പോൾ ഇവിടെനിന്നും നമുക്ക് അവരുടെ ആ അബദ്ധം- അഥവാ വഴികേട്-മനസ്സിലാകുന്നു. അവർ നബി(സ്വ)യോടല്ല അതിനെക്കാൾ താഴെയുള്ളവരോടാണ് വിളിച്ചുതേടുന്നത് - ഒന്നുകിൽ (മറ്റു) ദൂതന്മാർ, അല്ലെങ്കിൽ(മറ്റു) നബിമാർ, അതുമല്ലെങ്കിൽ സച്ചരിതരായ ആളുകൾ; അവർ റസൂലി(സ്വ)നോട് വിളിച്ചുതേടുകയാണെങ്കിലും അദ്ദേഹം അവരുടെ ആ വിളി കേൾക്കുകയില്ല. അതാണ് ക്വുർആൻ വ്യക്തമാക്കിയത്:

"തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെ പോലുള്ള ദാസന്മാർ മാത്രമാണ്'' (സൂറതുൽ അഅ്റാഫ്: 194).

"നിങ്ങൾ അവരോട് പ്രാർഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല'' (സൂറതു ഫാതിർ: 14).

അപ്പോൾ, മരിച്ചശേഷം ആ വ്യക്തി കേൾക്കുകയില്ല. പ്രത്യേക സന്ദർഭങ്ങളിൽ ബാധകമാകുന്ന തെളിവുകളുണ്ടെന്ന് മാത്രം. അതാണ് ഞാൻ മുമ്പൊരിക്കൽ സൂചിപ്പിച്ച, ചെരുപ്പിന്റെ ശബ്ദം കേൾക്കുമെന്നത്. അതിനാൽ, ഈ ചോദ്യത്തിനുള്ള ഇത്തരം ഇവിടെ അവസാനിക്കുന്നു.

**മരിച്ചവർ കേൾക്കുമായിരുന്നുവെങ്കിൽ, മരിച്ചവരുടെ കൂട്ടത്തിൽ കേൾക്കുവാൻ ഏറ്റവും അർഹനായവൻ നമ്മുടെ നബി(സ്വ)യായിരുന്നു. കാരണം അല്ലാഹു അദ്ദേഹത്തെ മഹത്ത്വപ്പെടുത്തുകയും മുഴുവൻ നബിമാരെക്കാളും ദൂതന്മാരെക്കാളും മറ്റു ജനങ്ങളെക്കാളുമെല്ലാം സവിശേഷതകൾ അദ്ദേഹത്തിന്ന് നൽകുകയും ചെയ്തിട്ടുണ്ട്. അപ്പോൾ, ആർക്കെങ്കിലും അത് കേൾക്കാൻ സാധിക്കുമായിരുന്നെങ്കിൽ അത് തീർച്ചയായും റസൂലി(സ്വ) നാകുമായിരുന്നു. കൂടാതെ, പ്രവാചകന്റെ മരണശേഷം എന്തെങ്കിലും കേൾക്കാൻ സാധിക്കുമായിരുന്നെങ്കിൽ തന്റെ സമുദായത്തിന്റെ സ്വലാത്ത് കേൾക്കണമായിരുന്നു.**




# ശാശ്വത വിജയത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ

ഭൂമിയിലേക്ക് ജനിച്ച് വീണതു മുതൽ മരണത്തോടു കൂടെ അവസാനിക്കുന്നതല്ല മനുഷ്യജീവിതം എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മറിച്ച്, മരണാനന്തരവും തുടരുന്ന വൈയക്തികാനുഭവങ്ങളുടെ അനുസ്യൂത പ്രവാഹമാണത്. അതിരുകളില്ലാത്ത മരണാനന്തര ജീവിത വിജയത്തിന് വേണ്ടി നാം നമ്മെത്തന്നെ നവീകരിക്കൽ അനിവാര്യമാണ്. എങ്ങനെയാണത്? ഇതിനായി ഏത് വിധേനെയാണ് ചിന്തകളെയും കാഴ്ചപ്പാടുകളെയും പ്രവർത്തനങ്ങളെയും മാറ്റിപ്പണിയേണ്ടത്?

**അർഷാദ് അഞ്ചൽ**

ഒരു മനുഷ്യൻ മുസ്‌ലിമാകുന്നത് അവൻ അല്ലാഹുവുമായി കരാറിൽ ഏർപ്പെടുമ്പോഴാണ്. അല്ലാഹുവും അവന്റെ അടിമയുമായുള്ള ഈ കരാറിനാണ് 'ശഹാദത്ത്' എന്ന് പറയുന്നത്. അതിന്റെ അർഥം ഇതാണ്: “യഥാർഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.”

സകലതിനെയും സൃഷ്ടിച്ച്, സംവിധാനിച്ച്, സംരക്ഷിക്കുന്ന അല്ലാഹു മാത്രമാണ് യഥാർഥ ആരാധ്യനെന്നും മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നും ഒരാൾക്ക് ബോധ്യപ്പെടുമ്പോഴാണ് അയാൾ അത് അംഗീകരിച്ചുകൊണ്ട് സാക്ഷ്യവാക്യം ചൊല്ലി ഇസ്‌ലാമിന്റെ വൃത്തത്തിലേക്ക് കടക്കുന്നത്.

ശഹാദത്തിലൂടെ അല്ലാഹുവുമായി കരാറിലായിക്കഴിഞ്ഞാൽ പിന്നെ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുക എന്നത് നിർബന്ധ ബാധ്യതയാണ്. കരാർ പാലിക്കുന്നവർക്ക് സ്വർഗമാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്.

“തീർച്ചയായും സത്യവിശ്വാസികളുടെ പക്കൽനിന്ന്, അവർക്ക് സ്വർഗമുണ്ടായിരിക്കുക എന്നതിനു പകരമായി അവരുടെ ദേഹങ്ങളും അവരുടെ ധനവും അല്ലാഹു വാങ്ങിയിരിക്കുന്നു...” (ക്വുർആൻ: 9/111).



**ഇരുലോകത്തും വിജയത്തിന് വേണ്ട പ്രഥമമായ നിബന്ധനയാണ് തൗഹീദ്. ഇസ്‌ലാമിന്റെ അടിസ്ഥാനശിലയാണ് തൗഹീദ്. അത് ഇസ്‌ലാമിന്റെ ജീവനാണ്. ജീവൻ നഷ്ടമായാൽ, അടിത്തറ തകർന്നാൽ, അടിവേര് പൊട്ടിയാൽ അതോടുകൂടി എല്ലാം തകർന്നു തരിപ്പണമാകും. ഒരാളിലെ തൗഹീദ് തകർന്നാൽ അവനിലെ ഇസ്‌ലാമാണ് തകരുന്നത്. ഏകനായ അല്ലാഹുവിന് മാത്രം ഇബാദത്തുകൾ (ആരാധനകൾ) അർപ്പിക്കുകയും അവൻ മാത്രമാണ് എല്ലാ നിലയ്ക്കുമുള്ള ഇബാദത്തുക്കൾക്ക് അർഹനെന്ന് വിശ്വസിക്കുകയും അവനല്ലാത്തവർക്കുള്ള ഇബാദത്തുക്കൾ പൂർണമായും വെടിയുകയും അത് ഏറ്റവും വലിയ തിന്മയാണെന്ന് അംഗീകരിക്കുകയും അല്ലാഹുവല്ലാത്തവർക്ക് ഇബാദത്ത് ചെയ്യുന്നവൻ ഇസ്‌ലാമിൽനിന്ന് പുറത്ത് പോകുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നതെല്ലാം തൗഹീദിൽ ഉൾപ്പെടുന്നു.**

**തൗഹീദ്**

ഒന്നാമത്തെ കരാർ തൗഹീദിന്റെ കാര്യത്തിലാണ്. ഇരുലോകത്തും വിജയത്തിന് വേണ്ട പ്രഥമമായ നിബന്ധനയാണ് തൗഹീദ്. ഇസ്‌ലാമിന്റെ അടിസ്ഥാനശിലയാണ് തൗഹീദ്. അത് ഇസ്‌ലാമിന്റെ ജീവനാണ്. ജീവൻ നഷ്ടമായാൽ, അടിത്തറ തകർന്നാൽ, അടിവേര് പൊട്ടിയാൽ അതോടുകൂടി എല്ലാം തകർന്നു തരിപ്പണമാകും. ഒരാളിലെ തൗഹീദ് തകർന്നാൽ അവനിലെ ഇസ്‌ലാമാണ് തകരുന്നത്.

ഇമാം ബുഖാരി(റഹ്) തന്റെ സ്വഹീഹിൽ 'കിതാബുത്തൗഹീദ്' എന്ന പേരിൽ ഒരു അധ്യായം തന്നെ നൽകിയിട്ടുണ്ട്. ഈ തലക്കെട്ടിനെ വിശദീകരിച്ചുകൊണ്ട് ഇമാം ഇബ്നുഹജറുൽ അസ്ഖലാനി (റഹ്) പറയുന്നു:

"തൗഹീദ് എന്നാൽ; അല്ലാഹുവിന്റെ സത്തയിൽ അവൻ ഏകനാണ്, അവന് ഘടകങ്ങളില്ല. അവന്റെ ഗുണവിശേഷണങ്ങളിൽ അവൻ ഏകനാണ്. അവന് സദൃശങ്ങളില്ല. അവന്റെ അധികാരത്തിലും നിയന്ത്രണത്തിലും അവന് യാതൊരു പങ്കുകാരുമില്ല. അവന് പുറമെ മറ്റൊരു രക്ഷിതാവോ സ്രഷ്ടാവോ ഇല്ല" (ഫത്ഹുൽബാരി).

ഏകനായ അല്ലാഹുവിന് മാത്രം ഇബാദത്തുകൾ (ആരാധനകൾ)

**പല വ്യക്തികൾക്കും അപ്രമാദിത്വം കൽപിച്ചുകൊണ്ടും പല വ്യക്തികളിലും ദിവ്യത്വം ചാർത്തിക്കൊണ്ടും ശിർക്കിനെയും കുഫ്‌റിനെയും വാരിപ്പുണർന്നു. എല്ലാം കാണുന്ന, എല്ലാം അറിയുന്ന, എവിടെനിന്ന് വിളിച്ചാലും പ്രാർഥന കേൾക്കുന്ന, സഹായിക്കുന്ന, ഉത്തരം നൽകുന്നവരായി പല ഇമാമുമാരെയും അവർ പരിചയപ്പെടുത്തി. ശിയാക്കളിൽനിന്നും സൂഫികൾ അത് ഏറ്റെടുത്തു. അങ്ങനെ തസ്വവ്വുഫിന്റെയും ത്വരീക്വത്തിന്റെയും പേരിൽ ഈ പിഴച്ച വിശ്വാസം നമ്മുടെ നാട്ടിലുമെത്തി. ചില മുസ്‌ലിം സംഘടനകൾ ഇതിന്റെ പ്രചാരകരായി മാറിയതോടെ സമൂഹത്തിൽ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പ്രചാരണം എളുപ്പത്തിലായി. അവരൊക്ക തങ്ങൾ സുന്നത്ത് ജമാഅത്തിന്റെ ആദർശത്തിലാണെന്ന് ജൽപിക്കുകയും ചെയ്യുന്നു.**

അർപ്പിക്കുകയും അവൻ മാത്രമാണ് എല്ലാ നിലയ്ക്കുമുള്ള ഇബാദത്തുക്കൾക്ക് അർഹനെന്ന് വിശ്വസിക്കുകയും അവനല്ലാത്തവർക്കുള്ള ഇബാദത്തുക്കൾ പൂർണമായും വെടിയുകയും അത് ഏറ്റവും വലിയ തിന്മയാണെന്ന് അംഗീകരിക്കുകയും അല്ലാഹുവല്ലാത്തവർക്ക് ഇബാദത്ത് ചെയ്യുന്നവൻ ഇസ്‌ലാമിൽനിന്ന് പുറത്ത് പോകുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നതെല്ലാം തൗഹീദിൽ ഉൾപ്പെടുന്നു.

"തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ ഓർമിക്കുന്നതിനായി നമസ്‌കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക" (ക്വുർആൻ: 20/14).

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" (1/5).

ഈ തൗഹീദിലേക്കാണ് ലോകത്ത് നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകന്മാരും അവരുടെ സമൂഹത്തെ ക്ഷണിച്ചത്.

"ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21/25).

മുഹമ്മദ് നബി(സ്വ) പറഞ്ഞു: "ഞാനും എനിക്ക് മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരും പറഞ്ഞതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് 'ലാ ഇലാഹ ഇല്ലല്ലാഹു, വഹ്ദഹു ലാ ശരീക ലഹു' (യഥാർഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല, അവൻ ഏകനാണ്, അവന് പങ്കുകാരേയില്ല) എന്ന വാക്യമാണ്" (മുവത്വ).

**വ്യതിചലിച്ചവർ**

ഖേദകരമെന്ന് പറയട്ടെ, മുസ്‌ലിം സമുദായത്തിലെ ഭൂരിഭാഗവും ഈ കാര്യം മനസ്സിലാക്കാതെയാണ് ജീവിക്കുന്നത്. മുസ്‌ലിം കുടുംബത്തിൽ ജനിച്ചുവെന്നതിനപ്പുറം ആദർശ തലത്തിൽ ഇസ്‌ലാമിനെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും ശ്രമിച്ചവർ അധികമില്ല.

മുസ്‌ലിം സമൂഹം തൗഹീദിൽനിന്നും വ്യതിചലിക്കുമെന്ന് വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബി(സ്വ) അറിയിച്ചിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: "ജനങ്ങൾ ലാത്തയെയും ഉസ്സയെയും ആരാധിക്കുന്നതുവരെ രാപ്പകലുകളുടെ (വ്യവസ്ഥിതി) അവസാനിക്കുകയില്ല" (മുസ്‌ലിം).

"എന്റെ സമുദായത്തിൽ പെട്ട ചില സംഘങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുകയും മുശ്‌രിക്കുകളുമായി കൂടിച്ചേരുകയും ചെയ്യുന്നതുവരെ അന്ത്യനാൾ സംഭവിക്കുകയില്ല" (തിർമിദി).

നബി(സ്വ)യുടെ ഈ മുന്നറിയിപ്പ് പുലർന്നുകഴിഞ്ഞിട്ടുണ്ട്.



അതിന് തുടക്കമിട്ടത് ശിയാക്കളായിരുന്നു. പല വ്യക്തികൾക്കും അവർ അപ്രമാദിത്വം കൽപിച്ചുകൊണ്ടും പല വ്യക്തികളിലും ദിവ്യത്വം ചാർത്തിക്കൊണ്ടും അവർ ശിർക്കിനെയും കുഫ്റിനെയും വാരിപ്പുണർന്നു. എല്ലാം കാണുന്ന, എല്ലാം അറിയുന്ന, എവിടെനിന്ന് വിളിച്ചാലും പ്രാർഥന കേൾക്കുന്ന, സഹായിക്കുന്ന, ഉത്തരം നൽകുന്നവരായി പല ഇമാമുമാരെയും അവർ പരിചയപ്പെടുത്തി. ശിയാക്കളിൽനിന്നും സൂഫികൾ അത് ഏറ്റെടുത്തു. അങ്ങനെ തസ്വവ്വുഫിന്റെയും ത്വരീഖത്തിന്റെയും പേരിൽ ഈ പിഴച്ച വിശ്വാസം നമ്മുടെ നാട്ടിലുമെത്തി. ചില മുസ്‌ലിം സംഘടനകൾ ഇതിന്റെ പ്രചാരകരായി മാറിയതോടെ സമൂഹത്തിൽ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പ്രചാരണം എളുപ്പത്തിലായി. അവരൊക്ക തങ്ങൾ സുന്നത്ത് ജമാഅത്തിന്റെ ആദർശത്തിലാണെന്ന് ജൽപിക്കുകയും ചെയ്യുന്നു.

അങ്ങനെ അല്ലാഹുവിന്റെ ഗുണവിശേഷണങ്ങൾവരെ അല്ലാഹുവല്ലാത്തവർക്ക് വകവച്ചുകൊടുക്കുന്ന അവസ്ഥ വ്യാപകമായി. മഹാന്മാരായ ആളുകൾ അല്ലാഹു ചെയ്യുന്നതൊക്കെ ചെയ്യുമെന്നും അല്ലാഹു കാണുന്നതൊക്കെ കാണുമെന്നും അവർ പ്രചരിപ്പിച്ചു. തൗഹീദിന്റെ ഭാഗമായി പഠിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ നിയന്ത്രണാധികാരമെന്നതിലും പങ്കുചേർക്കുന്ന അവസ്ഥയുണ്ടായി. ചില ഔലിയാക്കളുടെ കൈകളിലാണ് ലോകത്തിന്റെ നിയന്ത്രണം എന്ന് വിശ്വസിക്കൽ നിർബന്ധമാണെന്ന് വരെ പറയുന്ന അവസ്ഥയുണ്ടായി. മക്കയിലെ മുശ്‌രിക്കുകൾക്ക് പോലും ഈ വിശ്വാസമുണ്ടായിരുന്നില്ല എന്നതാണ് വസ്തുത.

“പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതും ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും; അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?”(10/31).

അഭൗതികമായ കഴിവ് അഥവാ കാര്യകാരണങ്ങൾക്ക് അതീതമായ കഴിവ് അല്ലാഹുവിന് മാത്രമല്ല ഉള്ളതെന്നും മഹാൻമാർക്കും ഉണ്ടെന്ന വിശ്വാസമാണ് ഈ വ്യതിയാനത്തിനു കാരണം. യഥാർഥത്തിൽ അഭൗതികമായ മാർഗങ്ങളിലുള്ള അഥവാ കാര്യകാരണങ്ങൾക്ക് അതീതമായ കഴിവ് അല്ലാഹു ആർക്കും നൽകിയിട്ടില്ല, നൽകുകയുമില്ല. അങ്ങനെ അല്ലാഹു ആർക്കെങ്കിലും കഴിവ് നൽകി എന്ന് പറഞ്ഞാൽ അല്ലാഹു സ്വയം ഒരു പങ്കാളിയെ സ്വീകരിച്ചു എന്നാണ് അർഥം. അതൊരിക്കലും ഉണ്ടാവുകയില്ല.

**ശിർക്കിന്റെ ഗൗരവം**

തൗഹീദിന് എതിരാണ് ശിർക്ക്. അതാകട്ടെ ഒരാളെ ഇസ്‌ലാമിൽനിന്ന് പുറത്തെത്തിക്കുന്നതാണ്. അത് അല്ലാഹുവിനോട് കാണിക്കുന്ന വലിയ നന്ദികേടുമാണ്.

അബ്ദില്ല(റ) പറയുന്നു: “ഞാൻ നബി(സ്വ)യോട് ചോദിച്ചു: ‘ഏത് തിന്മയാണ് ഏറ്റവും ഗൗരവമുള്ളത്?’ നബി(സ്വ) പറഞ്ഞു: ‘നിന്നെ സൃഷ്ടിച്ചവൻ അല്ലാഹുവാണെന്നിരിക്കെ, നീ അവന് പങ്കാളിയെ നിശ്ചയിക്കലാണ്’”(ബുഖാരി).

ശിർക്ക് എന്നത് ‘വിഗ്രഹാരാധനയാണ്,’ ‘ഒന്നിലധികം ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കലാണ്,’ ‘മഹാന്മാർക്ക് സ്വന്തമായി കഴിവുണ്ടെന്ന് വിശ്വസിക്കലാണ്,’ ‘മഹാന്മാർക്ക് അല്ലാഹു കൊടുത്ത കഴിവിൽനിന്ന് അവരോട് ചോദിക്കുന്നത് ശിർക്കല്ല’ എന്നൊക്കെയാണ് ചിലരുടെ ന്യായീകരണം. വിഗ്രഹാരാധനയും ഒന്നിലേറെ ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കലും മാത്രമല്ല ശിർക്ക്. അല്ലാഹുവിന് തുല്യനായി മറ്റെന്തിനെയും മറ്റാരെയും കണക്കാക്കുന്നതും ശിർക്കാണ്. അഥവാ, കാലഭേദമില്ലാതെ എല്ലാം അറിയുക, എല്ലാം കാണുക പോലുള്ള അല്ലാഹുവിന് മാത്രം പ്രത്യേകമായിട്ടുള്ള കഴിവുകൾ സൃഷ്ടികൾക്ക് വകവച്ചുകൊടുക്കുന്നത് ശിർക്കാണ്. ശിർക്ക് ഒരു മനുഷ്യനെ സ്വർഗത്തിൽനിന്ന് അകറ്റുകയും നരകത്തിലെ

**ശിർക്ക് എന്നത് ‘വിഗ്രഹാരാധനയാണ്,’ ‘ഒന്നിലധികം ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കലാണ്,’ ‘മഹാന്മാർക്ക് സ്വന്തമായി കഴിവുണ്ടെന്ന് വിശ്വസിക്കലാണ്,’ ‘മഹാന്മാർക്ക് അല്ലാഹു കൊടുത്ത കഴിവിൽനിന്ന് അവരോട് ചോദിക്കുന്നത് ശിർക്കല്ല’ എന്നൊക്കെയാണ് ചിലരുടെ ന്യായീകരണം. വിഗ്രഹാരാധനയും ഒന്നിലേറെ ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കലും മാത്രമല്ല ശിർക്ക്. അല്ലാഹുവിന് തുല്യനായി മറ്റെന്തിനെയും മറ്റാരെയും കണക്കാക്കുന്നതും ശിർക്കാണ്. അഥവാ, കാലഭേദമില്ലാതെ എല്ലാം അറിയുക, എല്ലാം കാണുക പോലുള്ള അല്ലാഹുവിന് മാത്രം പ്രത്യേകമായിട്ടുള്ള കഴിവുകൾ സൃഷ്ടികൾക്ക് വകവച്ചുകൊടുക്കുന്നത് ശിർക്കാണ്. ശിർക്ക് ഒരു മനുഷ്യനെ സ്വർഗത്തിൽനിന്ന് അകറ്റുകയും നരകത്തിലെത്തിക്കുകയും ചെയ്യും.**

> **ക്വബ്ർ സിയാറത്തിന്റെ ലക്ഷ്യമായി നബി(സ്വ) എന്ത് പഠിപ്പിച്ചുവോ അതിൽനിന്ന് സമൂഹം ഇന്ന് ഏറെ വ്യതിചലിച്ചിരിക്കുന്നു. ക്വബ്റാളിക്ക് വേണ്ടി പ്രാർഥിക്കുന്നതിന് പകരം ക്വബ്റിലുള്ളയാളോട് പ്രാർഥിക്കുന്നതിന് വേണ്ടി ക്വബ്ർ സിയാറത്ത് ചെയ്യുന്നു. അതിനുവേണ്ടി മഹാൻമാരാണെന്ന് പറയുന്ന പലരുടെയും ക്വബ്റുകൾ കെട്ടിയുയർത്തുകയും തീർഥാടന കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയിതിരിക്കുന്നു. അവിടങ്ങളിലേക്ക് ആളുകൾ കൂട്ടംകൂട്ടമായി സിയാറത്ത് ചെയ്യുന്നു. അത്തരം സിയാറത്തുകളിൽ മരണചിന്തയും പരലോകചിന്തയും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, ദുൻയാവിലെ ആവശ്യങ്ങൾക്കായാണ് ആ സിയാറത്തുകൾ, തേടുന്നതാകട്ടെ ക്വബ്റിലുള്ളവരോടും.**

ത്തിക്കുകയും ചെയ്യും.

"അല്ലാഹുവിനോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും" (ക്വുർആൻ: 5/72).

നബി(സ്വ) പറഞ്ഞു: "സ്വഫക്ക് മുകളിൽ ഉറുമ്പരിക്കുന്നതിനെക്കാൾ ഗോപ്യമായാണ് എന്റെ ഉമ്മത്തിൽ ശിർക്ക് സംഭവിക്കുക" (സ്വഹീഹുൽ ജാമിഅ്).

അതിനാൽ നാം ശിർക്കെന്ന മഹാപാപത്തെ സൂക്ഷിക്കുക. മനുഷ്യന്റെ ഇഹവും പരവും ഒരുപോലെ നഷ്ടപ്പെടുത്തുന്ന ഈ മഹാദുരന്തത്തിൽനിന്നുള്ള രക്ഷക്കായി അല്ലാഹുവോട് സദാസമയവും പ്രാർഥിക്കുക. നബി(സ്വ) അബൂബക്റി(റ)നോട് പറഞ്ഞു:

"അബൂബക്ർ, എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണെ സത്യം! നിശ്ചയം, ശിർക്ക് ഉറുമ്പ് അരിച്ചെത്തുന്നതിനെക്കാൾ ഗോപ്യമാണ്. താങ്കൾക്ക് ഒരു കാര്യം ഞാൻ അറിയിച്ചുതരട്ടെയോ? താങ്കൾ അതു പ്രവർത്തിച്ചാൽ ശിർക്ക് കുറച്ചായാലും കൂടുതലായാലും താങ്കളിൽനിന്ന് അത് പൊയ്പോകും." നബി(സ്വ) പറഞ്ഞു: താങ്കൾ (ഇപ്രകാരം) പറയുക: "അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു, ഞാനറിയാത്തതിൽ നിന്ന് നിന്നോട് പാപമോചനം തേടുകയും ചെയ്യുന്നു" (അദബുൽമുഫ്റദ്, ബുഖാരി. അൽബാനി സ്വഹീഹായി അംഗീകരിച്ചത്).

**ക്വബ്ർ സിയാറത്തും ക്വബ്റാരാധനയും**

മുസ്ലിം സമൂഹത്തിലേക്ക് ശിർക്ക് വിവിധ രൂപങ്ങളിലാണ് കടന്നുവരുന്നത്. അതിൽ പ്രധാനപ്പെട്ടതാണ് കെട്ടിയുയർത്തപ്പെടുന്ന ക്വബ്റുകൾ.

ക്വബ്ർ സിയാറത്ത് എന്ന പേരിലാണ് പുരോഹിതൻമാർ ആളുകളെ കെട്ടിയുയർത്തപ്പെട്ട മക്ബറകളിലെത്തിക്കുന്നത്. ഇസ്ലാം ക്വബ്ർ സിയാറത്ത് അനുവദിച്ചിരിക്കുന്നത് മരണചിന്തയും പരലോകചിന്തയും ഉണ്ടാകുവാനും ക്വബ്റിലുള്ള സത്യവിശ്വാസികൾക്ക് വേണ്ടി പ്രാർഥിക്കുന്നതിനുമാണ്.

എന്നാൽ ക്വബ്ർ സിയാറത്തിന്റെ ലക്ഷ്യമായി നബി(സ്വ) എന്ത് പഠിപ്പിച്ചുവോ അതിൽനിന്ന് സമൂഹം ഇന്ന് ഏറെ വ്യതിചലിച്ചിരിക്കുന്നു. ക്വബ്റാളിക്ക് വേണ്ടി പ്രാർഥിക്കുന്നതിന് പകരം ക്വബ്റിലുള്ളയാളോട് പ്രാർഥിക്കുന്നതിന് വേണ്ടി ക്വബ്ർ സിയാറത്ത് ചെയ്യുന്നു. അതിനുവേണ്ടി മഹാൻമാരാണെന്ന് പറയുന്ന പലരുടെയും ക്വബ്റുകൾ കെട്ടിയുയർത്തുകയും തീർഥാടന കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയിതിരിക്കുന്നു. അവിടങ്ങളിലേക്ക് ആളുകൾ കൂട്ടംകൂട്ടമായി സിയാറത്ത് ചെയ്യുന്നു. അത്തരം സിയാറത്തുകളിൽ മരണചിന്തയും പരലോകചിന്തയും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, ദുൻയാവിലെ ആവശ്യങ്ങൾക്കായാണ് ആ സിയാറത്തുകൾ, തേടുന്നതാകട്ടെ ക്വബ്റിലുള്ളവരോടും. മരണപ്പെട്ട വ്യക്തിയോട് സഹായം തേടുമ്പോൾ തേടുന്നയാളുടെ മനസ്സിലുള്ളത് ആ മഹാൻ തന്റെ തേട്ടം കേൾക്കുമെന്നും തന്റെ ആവശ്യങ്ങൾ അറിയുമെന്നുമാണ്. അത് അല്ലാഹുവിൽ പങ്ക് ചേർക്കലാണെന്നതിൽ സംശയമില്ല.

പുണ്യം പ്രതീക്ഷിച്ചുള്ള തീർഥയാത്ര പാടുള്ളത് മൂന്ന് സ്ഥലങ്ങളിലേക്ക് മാത്രമാണെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്:

നബി(സ്വ) പറഞ്ഞു: "മൂന്ന് പള്ളികളിലേക്കല്ലാതെ നിങ്ങൾ (പുണ്യം പ്രതീക്ഷിച്ച്) യാത്ര ചെയ്യരുത്. മസ്ജിദുൽ ഹറാം, റസൂലി(സ്വ)ന്റെ പള്ളി (മദീനയിലെ മസ്ജിദുന്നബവി), മസ്ജിദുൽ അക്വ്സാ എന്നിവയാണവ" (ബുഖാരി).

അജ്മീർ, ഏർവാടി, നാഗൂർ തുടങ്ങിയ അന്യസംസ്ഥാനങ്ങളിലെ ദർഗകളിലേക്കാകട്ടെ, ബീമാപള്ളി, മമ്പുറം പള്ളി തുടങ്ങിയ കേരളത്തിലെ ദർഗകളിലേക്കാകട്ടെ പുണ്യം പ്രതീക്ഷിച്ച് യാത്ര ചെയ്യുന്നവർ, അവിടങ്ങളിൽ ചെന്നു പറഞ്ഞാൽ എല്ലാ ആവശ്യ

ങ്ങളും നിറവേറ്റപ്പെടുമെന്ന് വിശ്വസിക്കുന്നവർ, അത് ഇസ്‌ലാമിക വിരുദ്ധമാണെന്ന് തിരിച്ചറിഞ്ഞാൽ അവർക്കു നല്ലത്.

മരണപ്പെട്ടുപോയ ഔലിയാക്കളുടെയും മഹാന്മാരുടെയും പേരിൽ അവരുടെ മക്ബറക്ക് സമീപം നടത്തപ്പെടുന്ന ഉറൂസുകൾക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല.

**ദുർന്യായങ്ങൾ**

മരണപ്പെട്ട മഹാൻമാരോട് സഹായം ചോദിച്ചാൽ അവർ അല്ലാഹുവിന്റെയടുക്കൽ നമുക്ക് വേണ്ടി ശുപാർശ ചെയ്യുമെന്നും പുരോഹിതൻമാർ തെറ്റിദ്ധരിപ്പിക്കാറുണ്ട്. ഇങ്ങനെയുള്ള ശുപാർശ ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല. ഇത് മക്കയിലെ മുശ്‌രിക്കുകളുടെ ആദർശമാണ്.

“അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിന് അറിയാത്ത വല്ലകാര്യവും നിങ്ങളവന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു”(ഖുർആൻ:10/18).

പുരോഹിതൻമാർ ചിലപ്പോൾ പറയാറുള്ളത്, മരണപ്പെട്ട മഹാൻമാർ അല്ലാഹുവിങ്കലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുമെന്നാണ്. ഇതും മക്കയിലെ മുശ്‌രിക്കുകളുടെ ആദർശമാണ്.

‘‘അറിയുക; അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. തീർച്ചയായും നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (39/3).

ജുൻദുബ്(റ) പറയുന്നു: നബി (സ്വ) പറഞ്ഞു: “...നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവർ അവരിലെ നബിമാരുടെയും സ്വാലിഹുകളുടെയും ക്വബ്‌റുകളെ ആരാധനാ കേന്ദ്രങ്ങളാക്കുമായിരുന്നു. അറിയുക: നിങ്ങൾ ക്വബ്‌റുകളെ ആരാധനാ കേന്ദ്രങ്ങളാക്കരുത്. ഞാൻ നിങ്ങളോട് അത് തടയുന്നു” (മുസ്‌ലിം).

**പുരോഹിതൻമാർ ചിലപ്പോൾ പറയാറുള്ളത്, മരണപ്പെട്ട മഹാൻമാർ അല്ലാഹുവിങ്കലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുമെന്നാണ്. ഇതും മക്കയിലെ മുശ്‌രിക്കുകളുടെ ആദർശമാണ്. ‘‘അറിയുക; അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. തീർച്ചയായും നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല’’ (39/3).**

**മരണപ്പെട്ടവർ കേൾക്കുമോ?**

മരണപ്പെട്ടുപോയവരോടുള്ള സഹായതേട്ടം പ്രാർഥനതന്നെയാണ്. അല്ലാഹുവിന് മാത്രം സമർപ്പിക്കേണ്ട ഇത്തരം വിളികൾ അല്ലാഹുവല്ലാത്തവർക്ക് നൽകുന്നതുവഴി ശിർക്ക് സംഭവിക്കുന്നു. ഇസ്‌ലാമിക പ്രമാണങ്ങൾ പരിശോധിച്ച് നോക്കിയാൽ മരിച്ചവർ കേൾക്കുമെന്നതിന് യാതൊരു തെളിവും കണ്ടെത്താൻ കഴിയില്ല. മരണപ്പെട്ടവർ കേൾക്കുകയില്ലെന്ന് മാത്രമല്ല, അവർ ഇഹലോകത്ത് നടക്കുന്ന ഒരു കാര്യവും അറിയുന്നില്ല എന്നതാണ് വസ്തുത. കാരണം ഉയിർത്തെഴുന്നേൽപ് നാൾവരെ അവർ ബർസഖിലാണ്. മരണപ്പെട്ടവർക്ക് നിരുപാധികമായ കാഴ്ചയും കേൾവിയും കഴിവും പോയിട്ട് സാധാരണ കാഴ്ചയും കേൾവിയും കഴിവും പോലും ഉണ്ടാകില്ലെന്നും അവരോടുള്ള പ്രാർഥന നിരർഥകമാണെന്നും അല്ലാഹു അറിയിച്ചിട്ടുണ്ട്:

‘‘(നബിയേ,) നിശ്ചയമായും മരണപ്പെട്ടവരെ നിനക്ക് കേൾപിക്കാനാവുകയില്ല...’’(27/80).

“ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമമാകുകയില്ല. തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപിക്കുന്നു. നിനക്ക് ക്വബ്‌റുകളിലുള്ളവരെ കേൾപിക്കാനാവില്ല”(35/22).

“നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങളുടെ ഈ ശിർക്കിനെ (നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ) അവർ

**നബി(സ്വ) പറഞ്ഞു: ''നിങ്ങളെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ വിട്ടുപോയിട്ടില്ല. നിങ്ങളെ നരകത്തിൽനിന്ന് അകറ്റുന്ന ഒരു കാര്യവും പറഞ്ഞുതരാതെ പോയിട്ടില്ല'' (സിൽസിലഹുസ്സ്വഹീഹ). അല്ലാഹു അവന്റെ അവസാന പ്രവാചകനിലൂടെ ലോകത്തിന് മുന്നിൽ തുറന്ന് വെച്ചിട്ടുള്ള മാതൃക തെളിമയുള്ളതും പ്രകാശപൂർണവുമാണ്. മുഹമ്മദ് നബി(സ്വ)യെ അനുസരിക്കൽ വാസ്തവത്തിൽ അല്ലാഹുവിനോടുള്ള അനുസരണമാണ്. കാരണം അല്ലാഹുവാണ് അദ്ദേഹത്തെ പ്രവാചകനായി അയച്ചത്. ആ പ്രവാചകനെ ധിക്കരിക്കൽ അല്ലാഹുവിനെ ധിക്കരിക്കലുമാണ്**

നിഷേധിക്കുന്നതുമാണ്. സൂക്ഷ്മ ജ്ഞാനമുള്ളവനെ(അല്ലാഹുവെ) പോലെ നിനക്ക് വിവരം തരാൻ ആരുമില്ല'' (35/14).

**പ്രാർഥന അല്ലാഹുവിനോട് മാത്രം**

പ്രാർഥന അല്ലാഹുവിനോട് മാത്രമെ പാടുള്ളൂവെന്ന് വിശുദ്ധ ക്വുർആനിലെ അനവധി വചനങ്ങളിലൂടെ അല്ലാഹു നമ്മെ അറിയിച്ചിട്ടുണ്ട്:

"പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്''(72/18).

''(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല''(72/20).

നബി(സ്വ) പറഞ്ഞു: "നിശ്ചയം, പ്രാർഥന അതുതന്നെയാണ് ആരാധന.'' ശേഷം നബി(സ്വ) ഓതി: "നിങ്ങളുടെ നാഥൻ അരുളിയിരിക്കുന്നു: എന്നോട് നിങ്ങൾ പ്രാർഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. നിശ്ചയം, എനിക്ക് ഇബാദത്തെടുക്കുവാൻ അഹങ്കരിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുന്നതാണ്''(40/60) (തിർമുദി, ഇബ്നു മാജ, അഹ്മദ്).

അല്ലാഹുവുമായിട്ടുള്ള നമ്മുടെ രണ്ടാമത്തെ കരാർ സുന്നത്തിന്റെ കാര്യത്തിലാണ്. അല്ലാഹുവിന്റെ റസൂലിനെ സമ്പൂർണമായി അനുസരിക്കുമെന്നാണ് ശഹാദത്തിലൂടെ നാം പ്രഖ്യാപിക്കുന്നത്.

അല്ലാഹു പറയുന്നു: ''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു''(5/3).

നബി(സ്വ)യുടെ അവസാന കാലത്ത് അവതരിച്ച വിശുദ്ധ ക്വുർആനിലെ വചനമാണിത്. ഈ വചനം അവതരിച്ചതിന് ശേഷം ഏതാനും ചില ആയത്തുകൾ അവതരിച്ചിട്ടുണ്ടെങ്കിലും നിയമപരമായ പുതിയ വിധികളൊന്നും പിന്നീട് അവതരിക്കുകയുണ്ടായിട്ടില്ല. അല്ലാഹു അവന്റെ മതത്തെ പൂർത്തിയാക്കിയെന്ന കാര്യമാണ് ഇതിലൂടെ അറിയിക്കുന്നത്.

**സുന്നത്തിന്റെ തെളിമ**

നബി(സ്വ) പറഞ്ഞു: "നിങ്ങളെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ വിട്ടുപോയിട്ടില്ല. നിങ്ങളെ നരകത്തിൽനിന്ന് അകറ്റുന്ന ഒരു കാര്യവും പറഞ്ഞുതരാതെ പോയിട്ടില്ല'' (സിൽസിലഹുസ്സ്വഹീഹ).

അല്ലാഹു അവന്റെ അവസാന പ്രവാചകനിലൂടെ ലോകത്തിന് മുന്നിൽ തുറന്ന് വെച്ചിട്ടുള്ള മാതൃക തെളിമയുള്ളതും പ്രകാശപൂർണവുമാണ്.

''തീർച്ചയായും നിങ്ങൾക്ക്



അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്"(33/21).

നബി(സ്വ) പറഞ്ഞു: "അല്ലാഹു തന്നെയാണ് സത്യം, നിങ്ങളെ ഞാൻ വിട്ടേച്ച് പോകുന്നത് തെളിമയാർന്ന ഒരു മാർഗത്തിലാകുന്നു. അതിന്റെ രാവും പകലും ഒരുപോലെയാകുന്നു. എന്റെ കാലശേഷം അതിൽനിന്ന് നാശകാരിയല്ലാതെ തെറ്റുകയില്ല"(ഇബ്നുമാജ).

മുഹമ്മദ് നബി(സ്വ)യെ അനുസരിക്കൽ വാസ്തവത്തിൽ അല്ലാഹുവിനോടുള്ള അനുസരണമാണ്. കാരണം അല്ലാഹുവാണ് അദ്ദേഹത്തെ പ്രവാചകനായി അയച്ചത്. ആ പ്രവാചകനെ ധിക്കരിക്കൽ അല്ലാഹുവിനെ ധിക്കരിക്കലുമാണ് അല്ലാഹു പറയുന്നു: "(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെമേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല" (4:80).

**ബിദ്അത്തിന്റെ അപകടം**

മതം പൂർത്തിയായതിനു ശേഷം അതിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങളെല്ലാം ബിദ്അത്താണ്. നബി(സ്വ) അതിനെക്കുറിച്ച് താക്കീത് ചെയ്തിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: "നിശ്ചയം, സത്യസന്ധമായ സംസാരം അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഏറ്റവും നല്ല മാർഗം മുഹമ്മദിന്റെ മാർഗമാണ്. കാര്യങ്ങളിൽ ഏറ്റവും മോശം ബിദ്അത്തുകളാണ്. എല്ലാ ബിദ്അത്തുകളും വഴികേടുകളാണ്.(ബിദ്അത്താകുന്ന) എല്ലാ വഴികേടുകളും നരകത്തിലാണ്" (നസാഈ).

ഇബ്നു ഉമർ(റ) പറയുന്നു: "എല്ലാ അനാചാരങ്ങളും വഴികേടാണ്. ജനങ്ങൾ അതെത്ര നല്ലതായി കണ്ടാലും ശരി"(ബൈഹകി).

സമുദായത്തിൽ കടന്നുകൂടിയിട്ടുള്ള ബിദ്അത്തുകൾക്ക് കണക്കില്ല. സുന്നത്തുകൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. നബി(സ്വ)ക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് എഴുതിയുണ്ടാക്കിയ മാല-മൗലിദുകൾ ക്വുർആനിനെക്കാൾ പ്രാധാന്യത്തോടെ ആളുകൾ പാരായണം ചെയ്യുന്നു. ഹദ്ദാദ്, റാത്തീബ് പോലുള്ള അനാചാരങ്ങൾ ചെയ്യുന്നു.

ഏതൊരു കർമവും അല്ലാഹു സ്വീകരിക്കണമെങ്കിൽ രണ്ട് കാര്യം നിർബന്ധമാണ്.

*(1) ഇഖ്ലാസ്:* ചെയ്യുന്ന കർമം അല്ലാഹുവിന്റെ പൊരുത്തം മാത്രം ഉദ്ദേശിച്ചുള്ളതും നിഷ്കളങ്കവുമായിരിക്കുക.

*(2) സുന്നത്ത്:* ചെയ്യുന്ന കർമം നബി(സ്വ)യുടെ ചര്യക്കനുസൃതമായിരിക്കുക. അല്ലാഹുവിന്റെ പൊരുത്തം മാത്രം ഉദ്ദേശിച്ച് ചെയ്യുന്ന കാര്യമാണെങ്കിലും അതിന് നബി(സ്വ)യുടെ മാതൃകയില്ലെങ്കിൽ, മതത്തിലെ പുതുനിർമിതിയാണെങ്കിൽ അത് അല്ലാഹു സ്വീകരിക്കുകയില്ല.

**നബി(സ്വ) പറഞ്ഞു: ''നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) അതിൽ ഇല്ലാത്തത് പുതുതായി വല്ലവനും ഉണ്ടാക്കിയാൽ അത് തള്ളപ്പെടുന്നതാണ്'' (ബുഖാരി). ''ആരെങ്കിലും നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്'' (മുസ്ലിം). പരലോകത്ത് ദാഹാർത്തരായി എത്തുമ്പോൾ വിശ്വാസികൾക്ക് കുടിക്കുന്നതിനായി നബി(സ്വ)യുടെ കൈയിൽ നിന്ന് ഹൗദുൽ കൗസറിലെ വെള്ളം ലഭിക്കും. എന്നാൽ ബിദ്അത്ത് ചെയ്യുന്നവർക്ക് അതിൽ നിന്ന് കുടിക്കാൻ കഴിയില്ല. അവരുടെയും നബി (സ്വ)യുടേയും ഇടയിൽ മറയിടപ്പെടുന്നതാണ്.**

നബി(സ്വ) പറഞ്ഞു: "നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) അതിൽ ഇല്ലാത്തത് പുതുതായി വല്ലവനും ഉണ്ടാക്കിയാൽ അത് തള്ളപ്പെടുന്നതാണ്" (ബുഖാരി).

"ആരെങ്കിലും നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്ലിം).

പരലോകത്ത് ദാഹാർത്തരായി എത്തുമ്പോൾ വിശ്വാസികൾക്ക് കുടിക്കുന്നതിനായി നബി(സ്വ)യുടെ കൈയിൽ നിന്ന് ഹൗദുൽ കൗസറിലെ വെള്ളം ലഭിക്കും. എന്നാൽ ബിദ്അത്ത് ചെയ്യുന്നവർക്ക് അതിൽ നിന്ന് കുടിക്കാൻ കഴിയില്ല. അവരുടെയും നബി (സ്വ)യുടേയും ഇടയിൽ മറയിടപ്പെടുന്നതാണ്. നബി(സ്വ) പറയുന്നത് കാണുക:

"...അപ്പോൾ ഞാൻ വിളിച്ചു പറയും: 'അവർ എന്നിൽ (എന്റെ സമുദായത്തിൽ) പെട്ടവരാണല്ലോ.' അന്നേരം പറയപ്പെടും: 'താങ്കൾക്ക് ശേഷം അവർ (മതത്തിൽ) പുതുതായുണ്ടാക്കിയത് താങ്കൾ അറിയില്ല.' തൽസമയം ഞാൻ പറയും: 'എനിക്ക് ശേഷം മതത്തെ (ബിദ്അത്തുകളുണ്ടാക്കി) വ്യതിയാനപ്പെടുത്തിയവർ ദൂരെപ്പോകൂ. ദൂരെപ്പോകൂ" (ബുഖാരി).

അവർ ബിദ്അത്തുകാരാണെന്ന് അറിയുമ്പോൾ നബി(സ്വ)യുടെ പ്രതികരണം കടുത്തതായിരിക്കുമെന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം.

ആത്മാർഥമായി ചിന്തിക്കുക; നാം അല്ലാഹുവുമായുള്ള കരാർ യഥാവിധി പാലിക്കുന്നവരാണോ? സാക്ഷ്യവാക്യത്തിന്റെ പൊരുളറിഞ്ഞ് നാം ജീവിക്കുന്നുണ്ടോ?



# പുണ്യത്തിന്റെ വിവിധ വഴികൾ 02

ഡോ. ടി. കെ യൂസുഫ്
: 9349798262

> “ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടം ആളുകൾക്ക് ഏറ്റവും ഉപകാരപ്പെടുന്നവനാണ്. കർമങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടം ഒരു മുസ്‌ലിമിന് സന്തോഷം നൽകുന്നതാണ്, അല്ലെങ്കിൽ അവന്റെ ഒരു ദുരിതം നീക്കുന്നതാണ്, അല്ലെങ്കിൽ അവന്റെ കടം വീട്ടുന്നതാണ്, അല്ലെങ്കിൽ അവന്റെ വിശപ്പ് അകറ്റുന്നതാണ്. എന്റെ ഒരു സഹോദരന്റെ ആവശ്യത്തിന് വേണ്ടി അവന്റെ കൂടെ നടക്കുന്നതാണ് ഈ പള്ളിയിൽ -അതായത് മദീന പള്ളിയിൽ- ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാളും എനിക്ക് ഇഷ്ടപ്പെട്ടത്. ആരെങ്കിലും തന്റെ കോപം തടഞ്ഞാൽ അല്ലാഹു അവന്റെ മറച്ചുവെക്കപ്പെടേണ്ടത് മറച്ചുവെക്കും, ആരെങ്കിലും തന്റെ കോപം നിയന്ത്രിച്ചാൽ, അവൻ അത് നടപ്പിലാക്കാൻ ഉദ്ദേശിച്ചാൽ അവൻ നടപ്പാക്കും.”

മറ്റുള്ളവർക്ക് വേണ്ടി പാപമോചനം നടത്തുന്നതിലൂടെയും നന്മ കരസ്ഥമാക്കാൻ കഴിയും.

ഉബാദത് ബിൻ സ്വാമിത്തി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; നബി (സ്വ) പറയുന്നത് കേട്ടു: “ആരെങ്കിലും സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും പാപമോചനം തേടിയാൽ ഓരോ വിശ്വാസിക്കും വിശ്വാസിനിക്കും വേണ്ടി അല്ലാഹു ഒരു നന്മ രേഖപ്പെടുത്തും” (ത്വബ്റാനി).

സാമൂഹ്യസേവന പ്രവർത്തനങ്ങൾകൊണ്ടും ഒരാൾക്ക് പ്രതിഫലം നേടാനാകും.

മരണത്തിന് ശേഷം പ്രതിഫലം ലഭിക്കുന്ന കർമങ്ങളിലൂടെയും ഒരാൾക്ക് കൂടുതൽ പുണ്യം നേടാനാകും. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവിന്റെ മാർഗത്തിലെ ധർമസമരമാണ്.

നബി(സ്വ) പറഞ്ഞു: “ആരെങ്കിലും ഒരു പകലോ രാത്രിയോ യുദ്ധസജ്ജമായിരുന്നാൽ അവന് മറ്റുള്ളവർ ഒരു മാസം നോമ്പെടുത്തത് പോലുള്ള പ്രതിഫലമുണ്ട്. ആരെങ്കിലും യുദ്ധസജ്ജനായിരിക്കെ മരണപ്പെട്ടാൽ അവൻ ചെയ്തിരുന്ന കർമങ്ങളുടെ പ്രതിഫലം



അല്ലാഹു അവന് തുടർച്ചയായി നൽകും, അതായത് നമസ്കാരത്തിന്റെയും നോമ്പിന്റെയും ചെലവഴിക്കുന്നതിന്റെയും പ്രതിഫലം അവന് ലഭിക്കും. അവൻ ഖബ്ർ ശിക്ഷയിൽനിന്ന് സംരക്ഷിക്കപ്പെടും. ഏറ്റവും വലിയ ഭീതിയിൽനിന്ന് നിർഭയമാക്കപ്പെടും. (അഹ്മദ്).

മനുഷ്യരുടെ കർമങ്ങൾ മരണത്തോടുകൂടി അവസാനിക്കും. എന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധസജ്ജമായി ശത്രുക്കൾക്ക് കാവലിരിക്കുന്ന ഒരു വ്യക്തിക്ക് അന്ത്യദിനംവരെ പ്രതിഫലം ലഭിക്കും.

നബി(സ്വ) പറഞ്ഞു: "മരണപ്പെട്ടവരുടെ കർമങ്ങൾ അവസാനിക്കും; അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധ സന്നദ്ധനായിരിക്കുന്നവന്റെതൊഴികെ. അവന് അന്ത്യദിനംവരെ പ്രതിഫലം ലഭിക്കും, ഖബ്ർ ശിക്ഷയിൽനിന്ന് അവൻ സംരക്ഷിക്കപ്പെടും" (അഹ്മദ്).

മരണശേഷം പ്രതിഫലം ലഭിക്കുന്ന ധാരാളം കർമങ്ങൾ ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവ അനുഷ്ഠിക്കുന്നതിലൂടെ അധികം ആയുസ്സില്ലാത്തവർക്ക് പോലും ദീർഘായുസ്സിന്റെ പുണ്യം നേടാനാകും.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "ഒരു വിശ്വാസിയുടെ കർമത്തിൽനിന്നും നന്മയിൽനിന്നും മരണശേഷം അവനോട് തുടരുന്നത്; അവൻ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത അറിവ്, അവൻ വിട്ടേച്ചുപോയ സൽസന്താനം, അനന്തരമായി നൽകിയ മുസ്ഹഫ്, അവൻ നിർമിച്ച പള്ളി, യാത്രക്കാരന് വേണ്ടി നിർമിച്ച വിശ്രമകേന്ദ്രം, അവൻ ഒഴുക്കിയ നദി, ആരോഗ്യകാലത്ത് അവന്റെ സമ്പത്തിൽനിന്നും ചെലവഴിക്കപ്പെട്ട ദാനം (എന്നിവയാണ്).

പ്രവാചക പത്നി ആഇശ(റ) ഒരു ആടിനെ അറുത്ത് പാവങ്ങൾക്ക് ദാനം ചെയ്തപ്പോൾ ഇനിയെന്ത് ബാക്കിയുണ്ട് എന്ന ചോദ്യത്തിന് അവർ മറുപടി പറഞ്ഞത് അതിന്റെ ചുമൽ എന്നാണ്. എന്നാൽ അത് അല്ലാത്തതെല്ലാം ബാക്കിയായി എന്നാണ് റസൂൽ പ്രതിവചിച്ചത്. ദാനം ചെയ്തതിന്റെ പ്രതിഫലം ഉറപ്പായി എന്നർഥം.

അല്ലാഹുവിന്റെ മാർഗത്തിൽ പണം ചെലവഴിക്കുമ്പോൾ അത് ഫലപ്രദമായി ചെയ്യുവാൻ നാം ശ്രമിക്കേണ്ടുതുണ്ട്. ആഡംബരപൂർണമായ ഒരു പള്ളി നിർമിക്കുന്നതിലും പുണ്യകരമായിട്ടുള്ളത് ആ പണം കൊണ്ട് പള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഒന്നിലധികം പള്ളികൾ നിർമിക്കുന്നതായിരിക്കും.

ആയുസ്സ് എന്നത് നമ്മുടെ ജീവിതസമയമാണ്. സമയം നല്ല കാര്യങ്ങൾക്ക് വേണ്ടി ഫലപ്രദമായി ഉപയോഗിക്കാത്തവൻ തന്റെ ആയുസ്സാണ് നശിപ്പിക്കുന്നത്. ഒഴിവുസമയം വിനിയോഗിക്കുന്ന കാര്യത്തിൽ അധിക ജനങ്ങളും വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്ന പ്രവാചകവചനം ശ്രദ്ധേയമാണ്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "ഒരു ജനത അല്ലാഹുവിനെ സ്മരിക്കാതെ ഒരു സദസ്സിലിരുന്നാൽ അത് അവരുടെമേൽ ഒരു ഖേദമായിരിക്കും. അല്ലാഹുവിനെ സ്മരിക്കാതെ ആരെങ്കിലും ഒരു വഴിയിൽ സഞ്ചരിച്ചാൽ അത് അവനും

ഒരു ഖേദമായിരിക്കും"(അഹ്മദ്).

ധനം ലഭിക്കുമ്പോൾ മനുഷ്യൻ സന്തുഷ്ടനായിത്തീരുന്നു. അവന്റെ ആയുസ്സ് നഷ്ടപ്പെടുന്നതിനെ ക്കുറിച്ച് അവന് യാതൊരു ആശങ്കയുമില്ല. സത്യത്തിൽ പാരത്രിക ലോകത്തേക്ക് ഒന്നും സമ്പാദിക്കാതെ ആയുസ്സ് നഷ്ടമാകുന്നതിനെക്കുറിച്ചാണ് ഒരു വിശ്വാസി വ്യാകുലപ്പെടേണ്ടത്. പണത്തിന്റെ നഷ്ടം നികത്താൻ കഴിഞ്ഞേക്കും. എന്നാൽ സമയത്തിന്റെ നഷ്ടം ഒരിക്കലും നികത്തപ്പെടുകയില്ല. പണം നഷ്ടപ്പെട്ടവർ സങ്കടപ്പെടുന്നത് നാം കാണാറുണ്ട്. എന്നാൽ സമയം നഷ്ടപ്പെടുന്നതിനെക്കുറിച്ച് അധികമാരും ചിന്തിക്കാറില്ല.

ആയുസ്സ് ആരാധനക്ക് വേണ്ടി ചെലവഴിച്ചാൽ ലഭിക്കുന്ന മഹത്തായ പ്രതിഫലം വ്യക്തമാക്കുന്ന ഒരു സംഭവം അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നത് ഇങ്ങനെ വായിക്കാം: "ഖുദാഅ ഗോത്രത്തിലെ രണ്ടുപേർ ഇസ്‌ലാം സ്വീകരിച്ചു. അവരിൽ ഒരാൾ രക്തസാക്ഷിയാകുകയും മറ്റെയാൾ ഒരു വർഷം കൂടി ജീവിക്കുകയും ചെയ്തു. ത്വൽഹത് ബിൻ ഉബൈദുല്ല(റ) പറഞ്ഞു: ശഹീദിനെക്കാൾ മുമ്പ് മറ്റെയാൾ സ്വർഗത്തിൽ പ്രവേശിച്ചതായി ഞാൻ (സ്വപ്നത്തിൽ) കണ്ടു. എനിക്ക് അത്ഭുതം തോന്നി. ഇക്കാര്യം അല്ലാഹുവിന്റെ ദൂതരോട് പറയപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: അയാൾ ശഹീദിനെക്കാൾ ഒരു റമദാനിലെ നോമ്പ് അനുഷ്ഠിക്കുകയും ആറായിരം റക്അത്ത് നമസ്ക്കരിക്കുകയും, ഇത്രയൊക്കെ സുന്നത്ത് നമസ്കരിക്കുകയും ചെയ്തുവല്ലോ" (അഹ്മദ്).

ആയുഷ്ക്കാലം പരമാവധി സൽകർമ്മങ്ങൾക്ക് വിനിയോഗിക്കുന്നത് പോലെത്തന്നെ കർമങ്ങൾ നിഷ്ഫലമാക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും വേണം. 'എന്റെ സമുദായത്തിലെ ചിലയാളുകൾ അന്ത്യദിനത്തിൽ തിഹാമ പർവതത്തെ പോലെ സൽകർമങ്ങളുമായി വരും. പക്ഷേ, അല്ലാഹു അവയെ വിതറപ്പെട്ട ധൂളികളാക്കി മാറ്റും' എന്ന് നബി(സ്വ) പറയുകയുണ്ടായി. അപ്പോൾ സൗബാൻ(റ) അവർ ആരാണെന്ന് ചോദിച്ചു. അതിനുള്ള മറുപടിയിൽ നബി (സ്വ) വ്യക്തമാക്കിയത് അവർ ആരാധനാകർമങ്ങൾ ചെയ്യുന്നവരാണെങ്കിലും ജനങ്ങളിൽനിന്നും ഒഴിഞ്ഞ് നിൽക്കുമ്പോൾ ഹറാമുകൾ ചെയ്യും എന്നാണ്.

നമ്മുടെ കർമങ്ങൾകൊണ്ടു മാത്രം സ്വർഗം നേടാൻ കഴിയില്ല, അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും അതിന്റെകൂടെ ആവശ്യമാണ്. നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഒരാളെയും തന്റെ കർമം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല." അവർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കളെയും?'' അദ്ദേഹം പറഞ്ഞു: "എന്നെയും ഇല്ല; അല്ലാഹു അവന്റെ കാരുണ്യം കൊണ്ടും ഔദാര്യം കൊണ്ടും എന്നെ വലയം ചെയ്താലല്ലാതെ. അത് കൊണ്ട് നിങ്ങൾ പരമാവധി നന്നായി ചെയ്യാൻ ശ്ര



**മരണശേഷം പ്രതിഫലം ലഭിക്കുന്ന ധാരാളം കർമങ്ങൾ ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവ അനുഷ്ഠിക്കുന്നതിലൂടെ അധികം ആയുസ്സില്ലാത്തവർക്ക് പോലും ദീർഘായുസ്സിന്റെ പുണ്യം നേടാനാകും. അബൂഹുറയ്റ(റ) യിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: ''ഒരു വിശ്വാസിയുടെ കർമത്തിൽ നിന്നും നന്മയിൽ നിന്നും മരണശേഷം അവനോട് തുടരുന്നത്; അവൻ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത അറിവ്, അവൻ വിട്ടേച്ചുപോയ സൽസന്താനം, അനന്തരമായി നൽകിയ മുസ്ഹഫ്, അവൻ നിർമിച്ച പള്ളി, യാത്രക്കാരന് വേണ്ടി നിർമിച്ച വിശ്രമകേന്ദ്രം, അവൻ ഒഴുക്കിയ നദി, ആരോഗ്യകാലത്ത് അവന്റെ സമ്പത്തിൽനിന്നും ചെലവഴിക്കപ്പെട്ട ദാനം (എന്നിവയാണ്).**

**ആയുഷ്ക്കാലം പരമാവധി സൽകർമങ്ങൾക്ക് വിനിയോഗിക്കുന്നത് പോലെത്തന്നെ കർമങ്ങൾ നിഷ്ഫലമാക്കുന്ന കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുകയും വേണം. 'എന്റെ സമുദായത്തിലെ ചിലയാളുകൾ അന്ത്യദിനത്തിൽ തിഹാമ പർവതത്തെ പോലെ സൽ കർമങ്ങളുമായി വരും. പക്ഷേ, അല്ലാഹു അവയെ വിതറപ്പെട്ട ധൂളി കളാക്കിമാറ്റും' എന്ന് നബി(സ്വ) പറയുകയുണ്ടായി. അപ്പോൾ സൗബാൻ(റ) അവർ ആരാണെന്ന് ചോദിച്ചു. അതിനുള്ള മറുപടിയിൽ നബി(സ്വ) വ്യക്തമാക്കിയത് അവർ ആരാധനാകർമങ്ങൾ ചെയ്യുന്നവരാണെങ്കിലും ജനങ്ങ ളിൽനിന്നും ഒഴിഞ്ഞ് നിൽക്കുമ്പോൾ ഹറാമുകൾ ചെയ്യും എന്നാണ്. നമ്മുടെ കർമങ്ങൾകൊണ്ടു മാത്രം സ്വർഗം നേടാൻ കഴിയില്ല, അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും അതിന്റെകൂടെ ആവശ്യമാണ്.**


മിക്കുക. നിങ്ങളിലൊരാളും മരണ ത്തെ ആഗ്രഹിക്കരുത്. കാരണം നന്മ ചെയ്യുന്നവന് നന്മ വർധിപ്പിച്ചേ ക്കാം. തിന്മ ചെയ്യുന്നവൻ പശ്ചാ തപിച്ചേക്കാം" (ബുഖാരി).

കർമങ്ങൾ കണക്കുകൂട്ടി താൻ സ്വർഗപ്രവേശനത്തിന് അർഹനാ ണെന്ന് സ്വയം കണക്കു കൂട്ടുന്ന പലരും അവർ ചെയ്യുന്ന തെറ്റു കളെ കുറിച്ച് കണ്ണടക്കുകയാണ് പതിവ്. നന്മ ചെയ്യാൻ അവസരം കിട്ടിയവൻ അല്ലാഹുവിന്റെ അനു ഗ്രഹം കൊണ്ടാണ് എനിക്ക് ഇത് ചെയ്യാൻ സാധിച്ചത് എന്ന വിശ്വാ സമാണ് വെച്ചുപുലർത്തേണ്ട ത്. നമ്മെക്കാൾ സുകൃതങ്ങൾ ചെയ്യുന്നവരുണ്ടെന്ന കാര്യവും നാം ഓർക്കേണ്ടതുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾ അല്ലാഹു സ്വീ കരിക്കുമെന്നോ നമ്മുടെ തെറ്റു കൾ അല്ലാഹു പൊറുത്ത് തരുമെ ന്നോ നമുക്ക് ഒരിക്കലും ഉറപ്പിച്ച് പറയാനാകില്ല. കർമങ്ങൾ സ്വീക രിക്കപ്പെടുമോ എന്ന ആശങ്കയാണ് ഒരു വിശ്വാസിക്ക് ഉണ്ടാകേണ്ടത്.

മനുഷ്യരുടെ അവകാശങ്ങൾ ഹനിക്കുന്നതും അവരുടെ അഭി മാനത്തിന് കളങ്കം വരുത്തുന്നതും നമ്മുടെ സുകൃതങ്ങൾ നിഷ്ഫല മാകാൻ കാരണമാകും.

നബി(സ്വ) ചോദിച്ചു: "ആരാണ് പാപ്പരായവൻ എന്ന് നിങ്ങൾക്കറി യുമോ?" അവർ പറഞ്ഞു: "അല്ലാ ഹുവിന്റെ ദൂതരേ, ഞങ്ങളിലെ പാപ്പരായവൻ ദിർഹമും വിഭവവും ഉടമപ്പെടുത്താത്തവനാണ്." നബി (സ്വ) പറഞ്ഞു: "എന്റെ സമുദായ ത്തിലെ പാപ്പരായവൻ അന്ത്യദിന ത്തിൽ നോമ്പും നമസ്കാരവും സകാത്തുമായി വരുന്നവനാണ്. അവൻ ഒരുവനെ ചീത്ത പറഞ്ഞിട്ടു ണ്ട്, ഒരുവനെതിരെ ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഒരാളുടെ ധനം ഭക്ഷിച്ചിട്ടുണ്ട്. ഒരാളുടെ രക്തം ചിന്തിയിട്ടുണ്ട്. ഒരാളെ അടിച്ചി ട്ടുണ്ട്. അവന്റെ സൽകർമങ്ങൾ ഓരോരുത്തർക്കായി നൽകും. അവൻ തെറ്റ് ചെയ്തിട്ടുള്ളവരുടെ കടം വീട്ടുന്നതിന് മുമ്പ് അവന്റെ നന്മകൾ തീർന്നാൽ അവരുടെ തെറ്റുകൾ എടുത്ത് അവന്റെ മേലിടും. പിന്നീട് അവനെ നരക ത്തിലേക്ക് എറിയും"(മുസ്ലിം).

ഒരാൾ ചെയ്യുന്ന നല്ല കാര്യ ങ്ങൾ അവന്റെ മരണശേഷം മറ്റു ള്ളവർ പിൻപറ്റിയാൽ അതിന്റെ ഒരു വിഹിതം അവന് ലഭിക്കും. ചീത്ത കാര്യങ്ങൾ ചര്യയാക്കിയ വനും അതിന്റെ പാപഭാരത്തിന്റെ ഒരു അംശം ലഭിച്ചുകൊണ്ടിരിക്കും. ഭൂമിയിലെ ഓരോ കൊലപാതക ത്തിൻെറയും ഒരു പാപവിഹിതം ആദ്യകൊലപാതകം നടത്തിയ ആദമിന്റെ മകന് ലഭിക്കുമെന്നും ഹദീസുകളിൽ കാണാം. ഒരാളുടെ മരണശേഷവും അവന്റെ പാപ ങ്ങൽ നിലനിൽക്കുകയാണെങ്കിൽ അവന്റെ കാര്യം കഷ്ടം തന്നെ യാണ്. മരണ ശേഷവും പ്രതിഫ ലം ലഭിക്കുന്ന സൽകർമ്മങ്ങൾ അനുഷ്ഠിക്കാൻ പരമാവധി പരിശ്ര മിക്കുക എങ്കിൽ ഒരു ആയുസിൽ ഒരായിരം ആയുസിന്റെ പുണ്യം നേടാനാകും.



അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
41

# സൂറ: ഫുസ്സിലത്

(വിശദീകരിക്കപ്പെട്ട)

(മക്കയിൽ അവതരിച്ചത്)

وَضَلَّ عَنۡهُم مَّا كَانُواْ يَدۡعُونَ مِن قَبۡلُۖ وَظَنُّواْ مَا لَهُم مِّن مَّحِيصٖ ﴿٤٨﴾

لَّا يَسۡـَٔمُ ٱلۡإِنسَٰنُ مِن دُعَآءِ ٱلۡخَيۡرِ وَإِن مَّسَّهُ ٱلشَّرُّ فَيَـُٔوسٞ قَنُوطٞ ﴿٤٩﴾

وَلَئِنۡ أَذَقۡنَٰهُ رَحۡمَةٗ مِّنَّا مِنۢ بَعۡدِ ضَرَّآءَ مَسَّتۡهُ لَيَقُولَنَّ هَٰذَا لِي وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةٗ وَلَئِن رُّجِعۡتُ إِلَىٰ رَبِّيٓ إِنَّ لِي عِندَهُۥ لَلۡحُسۡنَىٰۚ فَلَنُنَبِّئَنَّ ٱلَّذِينَ كَفَرُواْ بِمَا عَمِلُواْ وَلَنُذِيقَنَّهُم مِّنۡ عَذَابٍ غَلِيظٖ ﴿٥٠﴾

وَإِذَآ أَنۡعَمۡنَا عَلَى ٱلۡإِنسَٰنِ أَعۡرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو دُعَآءٍ عَرِيضٖ ﴿٥١﴾

قُلۡ أَرَءَيۡتُمۡ إِن كَانَ مِنۡ عِندِ ٱللَّهِ ثُمَّ كَفَرۡتُم بِهِۦ مَنۡ أَضَلُّ مِمَّنۡ هُوَ فِي شِقَاقِۢ بَعِيدٖ ﴿٥٢﴾

48. മുമ്പ് അവർ വിളിച്ച് പ്രാർഥിച്ചിരുന്നതെല്ലാം അവരെ വിട്ട് മറഞ്ഞുപോകുകയും തങ്ങൾക്ക് യാതൊരു രക്ഷാസങ്കേതവുമില്ല എന്ന് അവർക്ക് ബോധ്യം വരികയും ചെയ്യും.

49. നന്മയ്ക്ക് വേണ്ടി പ്രാർഥിക്കുന്നതിൽ മനുഷ്യന് മടുപ്പ് തോന്നുന്നില്ല. തിന്മ അവനെ ബാധിച്ചാലോ അവൻ മനം മടുത്തവനും നിരാശനുമായിത്തീരുന്നു.

50. അവന്ന് കഷ്ടത ബാധിച്ചതിനു ശേഷം നമ്മുടെ പക്കൽനിന്നുള്ള കാരുണ്യം നാം അവന്ന് അനുഭവിപ്പിച്ചാൽ തീർച്ചയായും അവൻ പറയും: ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു. അന്ത്യസമയം നിലവിൽ വരുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇനി എന്റെ രക്ഷിതാവിങ്കലേക്ക് ഞാൻ തിരിച്ചയക്കപ്പെടുകയാണെങ്കിലോ എനിക്ക് അവന്റെ അടുക്കൽ തീർച്ചയായും ഏറ്റവും മെച്ചപ്പെട്ട നില തന്നെയാണുണ്ടായിരിക്കുക. എന്നാൽ സത്യനിഷേധികൾക്ക് അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം വിവരം നൽകുകയും കഠിനമായ ശിക്ഷയിൽനിന്ന് നാം അവർക്ക് അനുഭവിപ്പിക്കുകയും ചെയ്യും.

51. നാം മനുഷ്യന് അനുഗ്രഹം ചെയ്താൽ അവനതാ പിന്തിരിഞ്ഞ് കളയുകയും അവന്റെ പാട്ടിന് മാറിക്കളയുകയും ചെയ്യുന്നു. അവന്ന് തിന്മ ബാധിച്ചാലോ അവനതാ നീണ്ട പ്രാർഥനക്കാരനായിത്തീരുന്നു.

52. നീ പറയുക: നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ? ഇത് (ക്വുർആൻ) അല്ലാഹുവിങ്കനിന്നുള്ളതായിരിക്കുകയും എന്നിട്ട് നിങ്ങളതിൽ അവിശ്വസിച്ചിരിക്കുകയുമാണെങ്കിൽ കടുത്ത മാത്സര്യത്തിൽ കഴിയുന്നവനെക്കാളും കൂടുതൽ പിഴച്ചുപോയവൻ ആരുണ്ട്?

سَنُرِيهِمْ ءَايَٰتِنَا فِى ٱلْءَافَاقِ وَفِىٓ أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ ٱلْحَقُّ ۗ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُۥ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٥٣﴾

أَلَآ إِنَّهُمْ فِى مِرْيَةٍ مِّن لِّقَآءِ رَبِّهِمْ ۗ أَلَآ إِنَّهُۥ بِكُلِّ شَىْءٍ مُّحِيطٌۢ ﴿٥٤﴾

53. ഇത് (ക്വുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽതന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ രക്ഷിതാവ് ഏതു കാര്യത്തിനും സാക്ഷിയാണ് എന്നതുതന്നെ മതിയായതല്ലേ?

54. ഓർക്കുക, തീർച്ചയായും അവർ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്ന കാര്യത്തെപ്പറ്റി സംശയത്തിലാകുന്നു. ഓർക്കുക, തീർച്ചയായും അവൻ ഏതൊരു വസ്തുവിനെയും വലയം ചെയ്തിട്ടുള്ളവനാകുന്നു.

48). (മുമ്പ് അവർ വിളിച്ചു പ്രാർഥിച്ചിരുന്നതെല്ലാം അവരെവിട്ട് മറഞ്ഞുപോകും) അല്ലാഹുവിനു പുറമെ. അതായത്, അല്ലാഹു അല്ലാത്തവരെ ആരാധിച്ച് തുലച്ച അവരുടെ വിശ്വാസവും പ്രവർത്തനങ്ങളുമെല്ലാം നഷ്ടപ്പെട്ടുപോയി. അതവർക്ക് ഉപകാരപ്പെടുമെന്നാണ് അവർ വിചാരിച്ചത്; അവർ അവരെ ശിക്ഷയിൽ നിന്ന് തടുക്കുമെന്നും. അല്ലാഹുവിന്റെ അടുക്കൽ അവർക്ക് ശുപാർശ ചെയ്യുമെന്നും അവർ ധരിച്ചു. അങ്ങനെ അവരുടെ പരിശ്രമം പരാജയപ്പെട്ടു. ധാരണക്ക് വിപരീതം സംഭവിച്ചു. അവരുടെ പങ്കാളികൾ അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല. (അവർക്കത് ബോധ്യംവന്നു) ആ സന്ദർഭത്തിൽ അവർക്ക് ഉറപ്പായി. (തങ്ങൾക്ക് യാതൊരു രക്ഷാസങ്കേതവുമില്ല എന്ന്) അവരെ രക്ഷിക്കുന്ന രക്ഷകനില്ല എന്ന്. സഹായിയോ അഭയം നൽകുന്നവനോ ഇല്ലെന്ന്. ഇതാണ് അല്ലാഹുവിൽ മറ്റുള്ളവരെ പങ്കുചേർക്കുന്നവരുടെ പര്യവസാനം. ശിർക്കിനെ സൂക്ഷിക്കാൻ അല്ലാഹു തന്റെ ദാസന്മാർക്ക് അത് വിശദീകരിച്ചുനൽകുന്നു.

49) മനുഷ്യനെന്ന നിലയ്ക്ക് അവന്റെ പ്രകൃതിയാണ് അല്ലാഹു ഇവിടെ പറയുന്നത്. അവന്റെ ക്ഷമയും സഹനവും ഇല്ലാത്തതിനെക്കുറിച്ചും; നന്മ വരുമ്പോഴുമില്ല തിന്മ വരുമ്പോഴുമില്ല. ഈ അവസ്ഥയിൽനിന്ന് അല്ലാഹു പൂർണതയിലേക്കെത്തിച്ചവരൊഴികെ. അല്ലാഹു പറയുന്നു: (നന്മയ്ക്കുവേണ്ടി പ്രാർഥിക്കുന്നതിൽ മനുഷ്യന് മടുപ്പ് തോന്നുന്നില്ല) വിജയത്തിനും ധനത്തിനും മക്കൾക്കും മറ്റ് ഭൗതിക ആവശ്യങ്ങൾക്കുമെല്ലാം വേണ്ടി എപ്പോഴും പ്രാർഥിച്ചുകൊണ്ടിരിക്കുന്നതിൽ യാതൊരു മടുപ്പും അവനില്ല. അതിനുവേണ്ടി അവൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിൽ അൽപം കൊണ്ടോ അധികം കൊണ്ടോ അവൻ തൃപ്തനാകുന്നില്ല. ദുനിയാവിൽ എത്ര കിട്ടിയാലും വർധിച്ച് കിട്ടാൻ ആവശ്യപ്പെട്ടുകൊണ്ടേയിരിക്കും. (തിന്മ അവനെ ബാധിച്ചാലോ) രോഗം, ദാരിദ്ര്യം, വ്യത്യസ്ത പരീക്ഷണങ്ങൾ പോലെയുള്ള അനിഷ്ടകരമായ കാര്യങ്ങൾ. (അവൻ മനം മടുത്തവനും നിരാശനും ആയിത്തീരുന്നു) അതായത്, അല്ലാഹുവിന്റെ കാരുണ്യത്തിൽ അവൻ നിരാശപ്പെടുന്നു. ഈ പരീക്ഷണം അവനെ അവസാനിപ്പിക്കുന്ന നാശമാണെന്ന് അവൻ വിചാരിക്കുന്നു. താൻ അന്വേഷിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യാത്ത കാരണങ്ങളുണ്ടാകുന്നതിൽ അവൻ ആശയക്കുഴപ്പത്തിലാകുന്നു.

എന്നാൽ ക്ഷമിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ ഇങ്ങനെയല്ല. അവർക്ക് നന്മയോ അനുഗ്രഹമോ ഇഷ്ടപ്പെട്ടതോ ലഭിച്ചാൽ അവർ അല്ലാഹുവിന് നന്ദിചെയ്യും. സാവകാശത്തിലോ പടിപടിയായോ ആ അനുഗ്രഹങ്ങൾ നഷ്ടപ്പെടുന്നതിനെ അവർ ഭയപ്പെടുന്നു. ഇനി അവർക്ക് അവരുടെ സ്വത്തിലോ ശരീരത്തിലോ മക്കളിലോ വല്ല വിപത്തും ബാധിച്ചാൽ അവർ ക്ഷമിക്കും. തങ്ങളുടെ രക്ഷിതാവിന്റെ ഔദാര്യം ആഗ്രഹിക്കും. അവർ നിരാശപ്പെടില്ല.

50). തുടർന്ന് അല്ലാഹു പറയുന്നു: (നാം അവനെ അനുഭവിപ്പിച്ചാൽ) നന്മയ്ക്കുവേണ്ടി പ്രാർഥിക്കുന്നതിൽ മടുപ്പില്ലാത്ത മനുഷ്യനെ. തിന്മ ബാധിച്ചാൽ അപ്പോൾ അവൻ നിരാശനാകുന്നു. (നമ്മുടെ പക്കൽനിന്നുള്ള

കാരുണ്യം) തിന്മ ബാധിച്ചതിനുശേഷം രോഗത്തിൽ നിന്നുള്ള സൗഖ്യമായിട്ടോ ദാരിദ്ര്യത്തിൽനിന്നും സമ്പന്നതയായിട്ടോ, അപ്പോൾ ഇവൻ അല്ലാഹുവിന് നന്ദി കാണിക്കുന്നില്ല. മറിച്ച്, അതിരുവിടുകയും അതിക്രമം കാണിക്കുകയും ചെയ്യുന്നു. അവൻ പറയും: (ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു) എനിക്ക് കിട്ടിയത് ഞാനതിന് അർഹതപ്പെട്ടവനായതുകൊണ്ടാണ്, ഞാനതിന് അവകാശിയും ആണ്. (അന്ത്യസമയം നിലവിൽവരുമെന്ന് ഞാൻ വിചാരിക്കുന്നില്ല) ഇത് അവന്റെ ഭാഗത്തുനിന്നുള്ള ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കലാണ്. അല്ലാഹു അനുഭവിപ്പിച്ച കാരുണ്യത്തിനും അനുഗ്രഹത്തിനും അവൻ കാണിക്കുന്ന നന്ദികേടുമാ ണ്.

(ഞാൻ തിരിച്ചയക്കപ്പെടുയാണെങ്കിലോ എനിക്ക് അവന്റെ അടുക്കൽ തീർച്ചയായും മെച്ചപ്പെട്ട നില തന്നെയാണ് ഉണ്ടായിരിക്കുക) ഇനി അന്ത്യദിനം വരുമെന്ന് സങ്കൽപിച്ചാലും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടങ്ങുകയാണെങ്കിൽ അവന്റെ അടുക്കൽ മെച്ചപ്പെട്ട നിലയുണ്ടാകും. ഇഹലോകത്ത് അനുഗ്രഹം ലഭിച്ചപോലെതന്നെ. ഇതൊരു വലിയ ധൈര്യം തന്നെ; അല്ലാഹുവിന്റെ മേൽ അറിവില്ലാത്ത പ്രസ്താവനയും. അതാണ് അല്ലാഹു അവന്റെ വാക്കിനാൽ താക്കീത് ചെയ്യുന്നത്: (എന്നാൽ സത്യനിഷേധികൾക്ക് അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം വിവരം നൽകുകയും കഠിനമായ ശിക്ഷയിൽനിന്ന് നാം അവർക്ക് അനുഭവിപ്പിക്കുകയും ചെയ്യും) അതികഠിനമായ ശിക്ഷ.

51). (നാം മനുഷ്യന് അനുഗ്രഹം ചെയ്താൽ) ആരോഗ്യംകൊണ്ടോ ഉപജീവനംകൊണ്ടോ അതു രണ്ടുമല്ലാത്ത മറ്റെന്തെങ്കിലുംകൊണ്ടോ. (അവൻ പിന്തിരിഞ്ഞുകളയുകയും) തന്റെ രക്ഷിതാവിൽനിന്ന്, അവന്നുള്ള നന്ദിയിൽനിന്നും. (അവൻ മാറിക്കളയുകയും ചെയ്യുന്നു) ഉയർച്ച നടിച്ച്. (അവന്റെ പാട്ടിന്) അഹങ്കാരത്താലും തന്നെക്കുറിച്ചുള്ള അമിതമനസ്സിനാലും. (അവന്ന് തിന്മ ബാധിച്ചാലോ) അതായത് രോഗം, ദാരിദ്ര്യം, അവ രണ്ടുമല്ലാത്ത മറ്റെന്തെങ്കിലും. (അവനതാ നീണ്ട പ്രാർഥനക്കാരനായിത്തീരുന്നു) ധാരാളമായി, അവന്റെ ക്ഷമകേട് കാരണം ബുദ്ധിമുട്ട് വരുമ്പോൾ അവന് ക്ഷമിക്കാനാകില്ല. സുഭിക്ഷതയിൽ നന്ദിയും ചെയ്യില്ല; അല്ലാഹു സന്മാർഗം നൽകുകയും അനുഗ്രഹം നൽകുകയും ചെയ്തവരൊഴികെ.

52). (നീ പറയുക) നിഷേധത്തിലേക്ക് ധൃതിപ്പെടുകയും ഈ ക്വുർആനിനെ കളവാക്കുകയും ചെയ്യുന്നവരോട്. (നിങ്ങൾ ആലോചിച്ചുനോക്കിയിട്ടുണ്ടോ?) ഈ ക്വുർആൻ (അല്ലാഹുവിങ്കൽനിന്നുള്ളത് ആയിരിക്കുകയും) യാതൊരു സംശയമോ ശങ്കയോ കൂടാതെ. (എന്നിട്ട് നിങ്ങളതിൽ അവിശ്വസിക്കുകയുമാണെങ്കിൽ കടുത്ത മാത്സര്യത്തിൽ കഴിയുന്നവനെക്കാൾ കൂടുതൽ പിഴച്ചുപോയവൻ ആരുണ്ട്?) അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള ധിക്കാരം കാരണം. നിങ്ങൾക്ക് സത്യവും ശരിയും മനസ്സിലായി. എന്നിട്ട് നിങ്ങൾ അതിൽനിന്ന് തെറ്റി, സത്യത്തിലേക്കല്ല മറിച്ച് അസത്യത്തിലേക്കും അജ്ഞതയിലേക്കും. അപ്പോൾ നിങ്ങൾ ജനങ്ങളിൽ ഏറ്റവും പിഴച്ചവരും അക്രമികളും ആയിരിക്കുന്നു.

53). ഇനി നിങ്ങൾ വെറുക്കുകയാണെങ്കിൽ, അതല്ലെങ്കിൽ നിങ്ങൾ അതിന്റെ സത്യതയെയും യാഥാർഥ്യത്തെയും സംശയിക്കുകയാണെങ്കിൽ, അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചുതരും. അല്ലാഹു പറയുന്നു: (വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. ആകാശത്തിലും ഭൂമിയിലുമുള്ള ദൃഷ്ടാന്തങ്ങളെപ്പോലെ. അല്ലാഹു പുതുതായി ഉണ്ടാക്കുന്ന മഹത്തായ സംഭവങ്ങളും. ഉൾക്കാഴ്ചയുള്ളവർക്ക് സത്യം മനസ്സിലാക്കാൻ.

(അവരിൽ തന്നെയും) അവരുടെ ശരീരങ്ങളിലുള്ള പുതുമയാർന്ന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ, അതിന്റെ നിർമാണത്തിലെ അത്ഭുതങ്ങൾ, അവന്റെ കഴിവിന്റെ ഭംഗി, കളവാക്കുന്നവർക്കിറങ്ങുന്ന മാതൃകാപരമായ ശിക്ഷകളിൽ, വിശ്വാസികളെ സഹായിക്കുന്നതിൽ (അവർക്ക് വ്യക്തമാകത്തക്കവണ്ണം) ആ ദൃഷ്ടാന്തങ്ങളിലൂടെ സംശയത്തിന്നിട നൽകാത്ത വിശദീകരണം. (ഇത് സത്യമാണെന്ന്) അതുൾക്കൊള്ളുന്നത് സത്യമാകുന്നു. അല്ലാഹു ചെയ്തത് അതുകൊണ്ട് സത്യമാണെന്ന് വ്യക്തമാക്കുന്ന ദൃഷ്ടാന്തങ്ങൾ അവന്റെ ദാസന്മാർക്ക് അവൻ കാണിച്ചുകൊടുക്കുന്നു. എന്നാൽ അവനുദ്ദേശിക്കുന്നവർക്ക് അത് വിശ്വസിക്കാൻ അനുഗ്രഹം നൽകുന്നു; അവനുദ്ദേശിക്കുന്നവർക്ക് നിരാകരിക്കാനും. (നിന്റെ രക്ഷിതാവ് ഏതൊരു കാര്യത്തിനും സാക്ഷിയാണ് എന്നത് തന്നെ മതിയായതല്ലേ?) അല്ലാഹുവിന്റെ സാക്ഷ്യം പോരേ അവർക്ക് ഈ ക്വുർആൻ സത്യമാണെന്നതിനും അത് കൊണ്ടുവന്നവർ സത്യസന്ധരാണെന്നതിനും? അതിന്റെ സത്യതയ്ക്ക് അവൻ സാക്ഷ്യം വഹിച്ചിരിക്കുന്നു. സാക്ഷ്യം വഹിക്കുന്നവരിൽ ഏറ്റവും വലിയ സത്യവാൻ അവനത്രെ. അവന്റെ വാക്കിലൂടെയുള്ള സാക്ഷ്യത്തെ അവൻ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

54). (ഓർക്കുക, തീർച്ചയായും അവർ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്ന കാര്യത്തെപ്പറ്റി സംശയത്തിലാകുന്നു) അതായത്, ഉയിർത്തെഴുന്നേൽപിന്റെയും പുനരുദ്ധാനത്തിന്റെയും കാര്യത്തിൽ. അവർ സംശയത്തിലാ ണ്. അവരെ സംബന്ധിച്ചിടത്തോളം ഇഹലോ കത്തെ വീടല്ലാതെ മറ്റൊരു വീടില്ല. അതിനാലവർ പരലോകത്തേക്ക് വേണ്ടി പ്രവർത്തിക്കുന്നുമില്ല. അതിലേക്കവർ തിരിഞ്ഞുനോക്കുന്നേയില്ല. (ഓർക്കുക. തീർച്ചയായും അവൻ ഏതൊരു വസ്തുവിനെയും വലയം ചെയ്തിട്ടുള്ളവനാകുന്നു) അറിവിനാലും കഴിവിനാലും പ്രതാപത്താലും. ■

# നന്ദികേട് കാണിച്ച തോട്ടക്കാരന്റെ കഥ

**അബൂഫായിദ**

സ്രഷ്ടാവിനോട് നന്ദികേട് കാണിച്ച ഒരു വ്യക്തിയുടെ കഥ അല്ലാഹു പറഞ്ഞു തരുന്നത് കാണുക:

“നീ അവർക്ക് ഒരു ഉപമ വിവരിച്ചുകൊടുക്കുക. രണ്ട് പുരുഷന്മാർ. അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയം ചെയ്തു. അവയ്ക്കിടയിൽ (തോട്ടങ്ങൾക്കിടയിൽ) ധാന്യകൃഷിയിടവും നാം നൽകി. ഇരു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകിവന്നു. അതിൽ യാതൊരു ക്രമക്കേടും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന്നു പല വരുമാനവുമുണ്ടായിരുന്നു.

അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ച് കൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽ വരും എന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനേക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും.

അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: മണ്ണിൽ നിന്നും അനന്തരം ബീജത്തിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും, പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ? എന്നാൽ (എന്റെ വിശ്വാസമിതാണ്.) അവൻ അഥവാ അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല. നീ നിന്റെ തോട്ടത്തിൽ കടന്ന സമയത്ത്, ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല എന്ന് നിനക്ക് പറഞ്ഞ് കൂടായിരുന്നോ? നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ. എന്റെ രക്ഷിതാവ് എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകി എന്ന് വരാം. നിന്റെ തോട്ടത്തിന്റെ നേരെ അവൻ ആകാശത്ത് നിന്ന് ശിക്ഷ അയക്കുകയും, അങ്ങനെ അത് ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്ന് വരാം. അല്ലെങ്കിൽ അതിലെ വെള്ളം നിനക്ക് ഒരിക്കലും തേടിപ്പിടിച്ച് കൊണ്ട് വരുവാൻ കഴിയാത്ത വിധം വറ്റിപ്പോയെന്നും വരാം. അവന്റെ ഫലസമൃദ്ധി (നാശത്താൽ) വലയം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണടിഞ്ഞ് കിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈ മലർത്തുന്നവനായിത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ പറയുകയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിന് പുറമെ യാതൊരു കക്ഷിയും അവന്ന് സഹായം നൽകുവാനുണ്ടായില്ല. അവന്ന് (സ്വയം) അതിജയിക്കുവാൻ കഴിഞ്ഞതുമില്ല” (ക്വുർആൻ 18: 32-43).

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുക എന്നത് തന്നെയാണ് ആ അനുഗ്രഹങ്ങൾ നിലനിർത്തിക്കിട്ടുന്നതിനുള്ള മാർഗം. നമുക്ക് ലഭിച്ച അറിവ്, സമ്പത്ത്, ആരോഗ്യം, ഒഴിവ് സമയം തുടങ്ങിയവയെല്ലാം വിലയേറിയ അനുഗ്രഹങ്ങളാണ്. ഏത് അനുഗ്രഹവും -ചെറുതായാലും വലുതായാലും- അതെന്റെ രക്ഷിതാവ് എനിക്ക് തന്നതാണെന്ന ബോധമാണ് അതിപ്രധാനം.

“നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രസ്താവിച്ച സന്ദർഭം ശ്രദ്ധേയമെത്ര” (7:14).





വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 25

# ജസ്റ്റീസ് ധൂലിയയുടെ വിധി ഫാസിസത്തിനേറ്റ പ്രഹരം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

**ശിരോവസ്ത്ര വിഷയത്തിൽ വിദ്യാർഥികൾക്കനുകൂലമായി വിധി പ്രസ്താവിച്ച ജസ്റ്റിസ് ധൂലിയ കേസ് ഏതെങ്കിലും തരത്തിൽ ഒത്തുതീർപ്പാക്കുക എന്ന നിലപാടിനോടിന് ഒട്ടും യോജിച്ചില്ല. 'ഫൈനാലിറ്റി'യല്ല 'ജസ്റ്റീസ്' ആണ് പ്രധാനം എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ശിരോവസ്ത്രം നിരോധിച്ച സർക്കാർ നിലപാടിന് അനുകൂലമായി വിധിപറഞ്ഞ ഹേമന്ദ് ഗുപ്തക്കെതിരെയുള്ള പരോക്ഷമായ ഒളിയമ്പ് കൂടിയായിരുന്നു ധൂലിയയുടെ ഈ പരാമർശം.**

ശിരോവസ്ത്ര വിഷയത്തിൽ വിദ്യാർഥികൾക്കനുകൂലമായി വിധി പ്രസ്താവിച്ച ജസ്റ്റിസ് ധൂലിയ കേസ് ഏതെങ്കിലും തരത്തിൽ ഒത്തുതീർപ്പാക്കുക എന്ന നിലപാടിനോടിന് ഒട്ടും യോജിച്ചില്ല. 'ഫൈനാലിറ്റി'യല്ല 'ജസ്റ്റീസ്' ആണ് പ്രധാനം എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ശിരോവസ്ത്രം നിരോധിച്ച സർക്കാർ നിലപാടിന് അനുകൂലമായി വിധിപറഞ്ഞ ഹേമന്ദ് ഗുപ്തക്കെതിരെയുള്ള പരോക്ഷമായ ഒളിയമ്പ് കൂടിയായിരുന്നു ധൂലിയയുടെ ഈ പരാമർശം. സമവായത്തിന്റെയോ ക്രമാസമാധാനത്തിന്റെയോ പേര് പറഞ്ഞുകൊണ്ട് നീതി നടപ്പാക്കുന്നതിൽനിന്നും പിന്നോട്ടടിക്കുകയും പകരം ഒരു ഒത്തുതീർപ്പിലേക്ക് പോവുകയും ചെയ്യുന്ന നിലപാട് പലപ്പോഴും കോടതികളിൽ ഉണ്ടാവാറുണ്ട്. ബാബരി

**വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാറിന് നേരിട്ട് നിയമങ്ങളുണ്ടാക്കാൻ പാടില്ല എന്ന വാദം ഹരജിക്കാർക്കുമില്ല. എന്നാൽ അവ ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളെ ഹനിക്കുന്ന വിധത്തിലാവാൻ പാടില്ല. അതേസമയം സർക്കാറിന് നിയമങ്ങളുണ്ടാക്കാൻ പാടില്ല എന്ന തരത്തിലുള്ള ഒരു വാദം ആർക്കെങ്കിലുമുണ്ടെങ്കിൽ അത് ശരിയല്ല എന്നുമാത്രമാണ് ജസ്റ്റീസ് ധൂലിയ ചൂണ്ടിക്കാണിച്ചത്.**

മസ്ജിദ് കേസിന്റെ അന്തിമവിധി പ്രസ്താവം നീതിക്ക് പകരം സമവായത്തിനാണ് മുൻഗണന നൽകിയത് എന്ന വിമർശനം നിലനിൽക്കുന്നുണ്ട്.

കേസിന്റെ നാൾവഴികൾ വിശദീകരിച്ചുകൊണ്ടാണ് ധൂലിയ വിധി പറഞ്ഞുതുടങ്ങിയത്. കർണാടക ഹൈക്കോടതിക്ക് മുമ്പാകെ വന്ന ചോദ്യങ്ങൾക്ക് കോടതി നൽകിയ വിശദീകരണങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. ശിരോവസ്ത്രം ഇസ്‌ലാമിലെ അനിവാര്യമായ ആചാരമല്ല, സ്കൂളുകളിൽ ന്യായമായ നിയന്ത്രണങ്ങൾ മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്, നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമങ്ങൾ കൊണ്ടുവരാൻ സർക്കാറിന് ഭരണഘടനാപരമായ അധികാരമുണ്ട് തുടങ്ങിയ കർണാടക ഹൈക്കോടതിയുടെ പരാമർശങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് ധൂലിയ അദ്ദേഹത്തിന്റെ വിധിപ്രസ്താവം തുടർന്നു.

**സർക്കാർ ഉത്തരവിന്റെ നിയമസാധുത**

*ഹരജിക്കാരുടെ ഒന്നാമത്തെ വാദം:* 2022 ഫെബ്രുവരി 5ലെ ജി.ഒ.യുടെ സാധുതക്കെതിരെ ഹർജിക്കാർ ഉന്നയിക്കുന്ന പ്രധാന എതിർപ്പ് അത് കേവലം ഒരു എക്സിക്യൂട്ടീവ് ഓർഡറാണ് എന്നതാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 19(1) (എ), 25(1) എന്നിവ ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് ഇങ്ങനെയുള്ള ഓർഡർ ഭരണഘടനാവിരുദ്ധമാണ്. മൗലികാവകാശങ്ങൾക്ക് മേലുള്ള നിയന്ത്രണങ്ങൾ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ സാധിക്കില്ല. അതിന് ഭരണഘടന വഴി സ്ഥാപിച്ചിട്ടുള്ള സ്റ്റാറ്റിയുട്ടറി നിയമങ്ങൾതന്നെ വേണം. ഖരക് സിംഗിന്റെ സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസിൽ സുപ്രീംകോടതി ഇത് നിരീക്ഷിച്ചിട്ടുണ്ട്.

*ധൂലിയയുടെ നിരീക്ഷണം:* ‘സർക്കാറിന് യൂണിഫോം നിയമങ്ങൾ പുറപ്പെടുവിക്കാൻ പാടില്ല എന്ന ഹർജിക്കാരുടെ അഭിപ്രായത്തോട് യോജിക്കാൻ സാധിക്കില്ല. അതുകൊണ്ട് അത് നിരസിക്കുന്നു. 1983ലെ കർണാടക വിദ്യാഭ്യാസ നിയമത്തിലെ 133ാം വകുപ്പ് പ്രകാരം സർക്കാരിന് നിർദേശങ്ങൾ നൽകാൻ അധികാരമുണ്ട്. കർണാടക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ (1995), 1983ലെ നിയമത്തിന്റെ 145ാം വകുപ്പ് എന്നിവ നിയമങ്ങൾ ഉണ്ടാക്കാൻ സംസ്ഥാന സർക്കാറിന് അധികാരം നൽകിയിട്ടുണ്ട്. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് യൂണിഫോം നിർദേശിക്കാമെന്നാണ് ചട്ടം. ഏത് സാഹചര്യത്തിലും യൂണിഫോം/ഡ്രസ് കോഡ് നിർദേശിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അതിനാൽ സർക്കാർ ഉത്തരവ് സാധുവല്ല എന്ന വാദം ശരിയല്ല. കാരണം സർക്കാർ ഉത്തരവിന്റെ ഉറവിടം ഭരണഘടനാപരമായി സ്ഥാപിക്കപ്പെട്ട നിയമങ്ങൾ (Statutory Rules)തന്നെയാണ്. എന്നാൽ ഭരണഘടനയുടെ 19, 25



അനുച്ഛേദങ്ങൾ പാലിക്കപ്പെട്ടുകൊണ്ടായിരിക്കണം സർക്കാർ നിയമങ്ങൾ ഉണ്ടാക്കേണ്ടത്. അതാണ് ഇവിടെ പരിശോധിക്കപ്പെടേണ്ടത്.'

*വിശദീകരണം:* വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാറിന് നേരിട്ട് നിയമങ്ങളുണ്ടാക്കാൻ പാടില്ല എന്ന വാദം ഹരജിക്കാർക്കുമില്ല. എന്നാൽ അവ ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളെ ഹനിക്കുന്ന വിധത്തിലാവാൻ പാടില്ല. അതേസമയം സർക്കാറിന് നിയമങ്ങളുണ്ടാക്കാൻ പാടില്ല എന്ന തരത്തിലുള്ള ഒരു വാദം ആർക്കെങ്കിലുമുണ്ടെങ്കിൽ അത് ശരിയല്ല എന്നുമാത്രമാണ് ജസ്റ്റീസ് ധൂലിയ ചൂണ്ടിക്കാണിച്ചത്.

**എസെൻഷ്യൽ പ്രാക്ടീസും കർണാടക കോടതിയും**

*ജസ്റ്റീസ് ധൂലിയ തുടരുന്നു:* 'കർണാടക ഹൈക്കോടതിയുടെ നാല് ചോദ്യങ്ങളിൽ ഒന്നാമത്തെത് എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസിനെ (ERP) കുറിച്ചായിരുന്നു. ശിരോവസ്ത്രം ധരിക്കുന്നത് ഇസ്‌ലാം മതത്തിന്റെ അടിസ്ഥാന ആചാരമാണെന്ന് ഹർജിക്കാർ തെളിയിക്കണമെന്നായിരുന്നു കോടതി പറഞ്ഞത്. ഒരു ആചാരം ഇ.ആർ.പി ആണെന്ന് തെളിയിക്കുക എന്നത് ഭാരമേറിയ കാര്യമാണ്. ഒരു കാര്യത്തെ ഇ.ആർ.പി എന്ന് വിളിക്കണമെങ്കിൽ ആ കാര്യം കൂടാതെ മതം നിലനിൽക്കില്ല എന്ന വ്യാഖ്യാനം നിലനിൽക്കുന്നുണ്ട്. ഇ.ആർ.പി എന്ന സാങ്കേതിക സംജ്ഞക്ക് അങ്ങനെയൊരു വ്യാഖ്യാനമുള്ളതുകൊണ്ട് കോടതിയുടെ ആവശ്യം വളരെ പ്രയാസകരമായ കാര്യമാണ്. അതോടൊപ്പം ശിരോവസ്ത്രം മതത്തിന്റെ തുടക്കം മുതൽ പിന്തുടരപ്പെടുന്ന ആചാരമാണെന്ന് കൂടി തെളിയിക്കേണ്ടി വരും. പുറമെ, ഏതൊരു ഇ.ആർ.പിയും ഭരണഘടനാ മൂല്യങ്ങൾക്ക് വിരുദ്ധമല്ലെന്നും മറ്റുള്ളവരുടെ മൗലികാവകാശങ്ങളെ ഹനിക്കുന്നില്ലെന്നും തെളിയിക്കപ്പെടേണ്ടതുണ്ട്.'

> **ഒരു ആചാരം ഇ.ആർ.പി ആണെന്ന് തെളിയിക്കുക എന്നത് ഭാരമേറിയ കാര്യമാണ്. ഒരു കാര്യത്തെ ഇ.ആർ.പി എന്ന് വിളിക്കണമെങ്കിൽ ആ കാര്യം കൂടാതെ മതം നിലനിൽക്കില്ല എന്ന വ്യാഖ്യാനം നിലനിൽക്കുന്നുണ്ട്. ഇ.ആർ. പി എന്ന സാങ്കേതിക സംജ്ഞക്ക് അങ്ങനെയൊരു വ്യാഖ്യാനമുള്ളതുകൊണ്ട് കോടതിയുടെ ആവശ്യം വളരെ പ്രയാസകരമായ കാര്യമാണ്. അതോടൊപ്പം ശിരോവസ്ത്രം മതത്തിന്റെ തുടക്കം മുതൽ പിന്തുടരപ്പെടുന്ന ആചാരമാണെന്ന് കൂടി തെളിയിക്കേണ്ടി വരും. പുറമെ, ഏതൊരു ഇ.ആർ.പിയും ഭരണഘടനാ മൂല്യങ്ങൾക്ക് വിരുദ്ധമല്ലെന്നും മറ്റുള്ളവരുടെ മൗലികാവകാശങ്ങളെ ഹനിക്കുന്നില്ലെന്നും തെളിയിക്കപ്പെടേണ്ടതുണ്ട്.'**

ജസ്റ്റീസ് ധൂലിയ കർണാടക ഹൈക്കോടതി വിധിയുടെ പാർട്ട് 12 പേജ് 87ൽ നിന്നും വായിക്കുന്നു: 'ശിരോവസ്ത്രം ഇസ്‌ലാമിലെ അനിവാര്യ ആചാരമാണെന്നും ഹർജിക്കാർ തുടക്കം മുതൽ ശിരോവസ്ത്രം ധരിച്ചിരുന്നുവെന്നും ഹർജിക്കാർ പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ശിരോവസ്ത്രം ധരിക്കാത്തവർ പാപികളാകും എന്ന വാദം ഉയർന്നുവരികയും ഇസ്‌ലാമിന്റെ മഹത്ത്വം അതുവഴി നഷ്ടപ്പെടുകയും ചെയ്യും. ശിരോവസ്ത്രം ഇസ്‌ലാമിലെ അലംഘനീയമായ ആചാരമാണെന്ന് തെളിയിക്കുന്നതിൽ ഹർജിക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഇത് ഭരണഘടനാ മൂല്യങ്ങളുടെ മേഖലകളിലേക്ക് കൊണ്ടുപോവാൻ സാധിക്കില്ല. സർക്കാർ തീരുമാനത്തിൽ നിയമവിരുദ്ധമായി യാതൊന്നുമില്ല. അത് ശരിവെക്കുന്നു.'

*വിശദീകരണം:* ഹർജിക്കാരുടെ പരാതിയിൽ ഇ.ആർ.പിയെ കുറിച്ച് പറഞ്ഞില്ല എന്ന കർണാടക ഹൈക്കോടതിയുടെ പരാമർശത്തെയാണ് ധൂലിയ എടുത്തു കാണിക്കുന്നത്. ശിരോവസ്ത്രം ധരിക്കാത്ത മുസ്‌ലിം സ്ത്രീകളെ പ്രകോപിപ്പിക്കാനും മുസ്‌ലിംകൾക്കിടയിൽ അതിന്റെ പേരിൽ ഒരു ഭിന്നത വളർത്തിയെടുക്കാനുമുള്ള ശ്രമങ്ങളെയും അദ്ദേഹം തുറന്നുകാണിക്കുന്നു. ഒരു പൗരന്റെ അഭിപ്രായസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യമാണ് അയാളുടെ വസ്ത്രസ്വാതന്ത്ര്യമെന്നും അതിനെ മതത്തിന്റെ അനിവാര്യ ആചാരം എന്നതിലേക്ക് വലിച്ചിഴക്കേണ്ട കാര്യമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. 'അനിവാര്യം' എന്നതിന്മേൽ ഉണ്ടാവുന്ന ഏറ്റക്കുറച്ചിലുകളിലുള്ള അഭിപ്രായാന്തരങ്ങളെ സൗകര്യപൂർവം തങ്ങൾക്ക് അനുകൂലമാക്കാനുള്ള ശ്രമമാണ് ഇ.ആർ.പി വാദം ഉയർത്തിക്കൊണ്ടുവരുന്നതിലൂടെ ചില ന്യായാധിപന്മാർ നടത്തിയിട്ടുള്ളത്.

**ഇ.ആർ.പിയല്ല സ്വാതന്ത്ര്യമാണ് പ്രധാനം**

*ജസ്റ്റീസ് ധൂലിയ തുടരുന്നു:* 'ശിരോവസ്ത്രം പോലെയുള്ള കോടതിയുടെ മുമ്പാകെ വന്നിട്ടുള്ള തർക്കവിഷയങ്ങളിൽ ഒട്ടും പ്രസക്തമല്ലാത്ത കാര്യമാണ് എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് അഥവാ ഇ.ആർ.പി. ഭരണഘടനയുടെ 25(1) പ്രകാരമുള്ള സംരക്ഷണമാണ് ഇതുപോലുള്ള വിഷയങ്ങളിൽ ഉയരുന്നത്. 'മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചാരത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം 25(1) നൽകുന്ന

പക്ഷം അനിവാര്യമാവുക, നിർബന്ധമാവുക തുടങ്ങിയ കാര്യങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്? മതപരമായ ഒരു കാര്യം അത് നിർബന്ധമാണെങ്കിലും അല്ലെങ്കിലും ആചരിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നുണ്ട്. അത് അനിവാര്യമാണോ എന്ന പരിശോധനക്ക് യാതൊരു അടിസ്ഥാനവുമില്ല. കാരണം അനിവാര്യമല്ലെങ്കിലും അത് ആചരിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നുണ്ട്. മതത്തിന്റെയോ വിശ്വാസത്തിന്റെയോ പേരിൽ ഒരാളുടെ മനഃസാക്ഷി അനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഒരാൾക്കുണ്ട്. പൊതുക്രമം, ധാർമികത, ആരോഗ്യം എന്നീ ഘടകങ്ങൾക്ക് വിരുദ്ധമാവരുത് എന്ന ഒരേയൊരു ഉപാധി മാത്രമെ ഭരണഘടന നിശ്ചയിച്ചിട്ടുള്ളൂ.'

**ഇ.ആർ.പി അല്ല പരിശോധിക്കേണ്ടത്; സർക്കാർ ഉത്തരവാണ്**

*ജസ്റ്റീസ് ധൂലിയ:* 'ഹർജിക്കാർ എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് വിഷയം ഉന്നയിച്ചപ്പോൾ അതിവിടെ കൊണ്ടുവരേണ്ട കാര്യമില്ലെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. എന്നാൽ അതിനെ മർമ്മവിഷയമാക്കിയത് സർക്കാർ തന്നെയായിരുന്നു എന്ന് ഹരജിക്കാരുടെ അഭിഭാഷകർ വിശദീകരിക്കുകയുണ്ടായി. ഇ.ആർ.പി മുഖ്യവിഷയമായി എടുക്കുന്നതിന് പകരം സർക്കാർ ഉത്തരവ് ചട്ടപ്രകാരമായിരുന്നോ എന്ന കാര്യമാണ് ഹൈക്കോടതി പരിശോധിക്കേണ്ടിയിരുന്നത്. സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഭരണഘടനാ മൂല്യങ്ങൾ അനുസരിച്ചായിരുന്നോ എന്ന പരിശോധനയായിരുന്നു വേണ്ടിയിരുന്നത്. ആനുപാതികത സിദ്ധാന്തത്തെ പരിഗണിക്കാതെയുള്ള നടപടിയായിരുന്നു സർക്കാറിന്റെത്. മനഃസാക്ഷി സ്വാതന്ത്ര്യവും മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും നിയന്ത്രിക്കപ്പെടേണ്ടത് പൊതുക്രമം (ക്രമസമാധാനം), ധാർമികത, ആരോഗ്യം എന്നിവ ലംഘിക്കപ്പെടുമ്പോൾ മാത്രമാണെന്ന് ബിജോയ് ഇമ്മാനുവലിന്റെ സ്റ്റേറ്റ് ഓഫ് കേരള കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.'

**ആനുപാതികത സിദ്ധാന്തം**

അഡ്മിനിസ്ട്രേറ്റീവ് നിയമങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് ആനുപാതികത സിദ്ധാന്തം (Doctrine of proportionality). ഒരു കാര്യത്തെ നിയന്ത്രിക്കാൻ തത്തുല്യമായ നടപടികൾ മാത്രമെ സ്വീകരിക്കാവൂ എന്നതാണത്. അതിനപ്പുറമുള്ളത് ഉപയോഗിച്ചാൽ സ്ഥിതി കൂടുതൽ വഷളാകും. 'കുരുവിയെ വെടിവെക്കാൻ പീരങ്കി ഉപയോഗിക്കരുത്' എന്നൊരു ചൊല്ലുണ്ട്. ഉദ്ദേശിച്ച ഫലം ലഭിക്കുന്നതിനെക്കാൾ കഠിനമായിരിക്കരുത് അതിന് വേണ്ടി നടത്തപ്പെടുന്നപ്രവർത്തനങ്ങൾ. യൂണിഫോം നിർബന്ധമാക്കുന്നതിന് വേണ്ടി ശിരോവസ്ത്രത്തിന്മേൽ സർക്കാർ കൊണ്ടുവന്ന നിയമം വളരെ അരോചകവും കാർക്കശ്യം നിറഞ്ഞതുമാണെന്ന് ചൂണ്ടിക്കാണിക്കുകയായിരുന്നു ഈ ഉദാഹരണത്തിലൂടെ ജസ്റ്റീസ് ധൂലിയ.

> 'പ്രത്യേക സ്വഭാവത്തിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി മാത്രമാണ് ഇ.ആർ.പി പരിശോധന സുപ്രീം കോടതി നിർവഹിച്ചിട്ടുള്ളത്. ഭരണകൂടത്തിന്റെ ഇടപെടലുകൾ ഉണ്ടായ പല സന്ദർഭങ്ങളിലും സുപ്രീം കോടതിയിൽ ഇത് വന്നിട്ടുണ്ട്. വ്യക്തിപരമായും സാമൂഹികമായും കോടതിയിൽ ഈ വിഷയം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അനുച്ഛേദം 25,26 എന്നിവയുടെ സംരക്ഷണമാണ് പ്രധാനമായും വാദമായി ഉന്നയിക്കപ്പെട്ടത്. മുത്ത്വലാക്വ്, ശബരിമല കേസുകളെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഈ കേസുകളിലെല്ലാം മതപരമായ അവകാശങ്ങൾ ഹനിക്കപ്പെടുന്നു എന്ന നിലയിലാണ് ഉന്നയിക്കപ്പെട്ടിരുന്നതെങ്കിൽ ഇവിടെ ശിരോവസ്ത്ര കേസിൽ അനുച്ഛേദം 19(1) കൂടി കടന്നുവന്നിട്ടുണ്ട്'.

**ശിരോവസ്ത്രം മുത്ത്വലാക് പോലെയല്ല**

*ജസ്റ്റീസ് ധൂലിയ:* 'പ്രത്യേക സ്വഭാവത്തിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി മാത്രമാണ് ഇ.ആർ.പി പരിശോധന സുപ്രീം കോടതി നിർവഹിച്ചിട്ടുള്ളത്. ഭരണകൂടത്തിന്റെ ഇടപെടലുകൾ ഉണ്ടായ പല സന്ദർഭങ്ങളിലും സുപ്രീം കോടതിയിൽ ഇത് വന്നിട്ടുണ്ട്. വ്യക്തിപരമായും സാമൂഹികമായും കോടതിയിൽ ഈ വിഷയം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അനുച്ഛേദം 25,26 എന്നിവയുടെ സംരക്ഷണമാണ് പ്രധാനമായും വാദമായി ഉന്നയിക്കപ്പെട്ടത്. മുത്ത്വലാക്, ശബരിമല കേസുകളെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഈ കേസുകളിലെല്ലാം മതപരമായ അവകാശങ്ങൾ ഹനിക്കപ്പെടുന്നു എന്ന നിലയിലാണ് ഉന്നയിക്കപ്പെട്ടിരുന്നതെങ്കിൽ ഇവിടെ ശിരോവസ്ത്ര കേസിൽ അനുച്ഛേദം 19(1) കൂടി കടന്നുവന്നിട്ടുണ്ട്. അതായത് ഭരണഘടന ഒരു പൗരന് നൽകിയിട്ടുള്ള ആവിഷ്കാര സ്വാതന്ത്ര്യവും ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നർഥം.'

*(അടുത്ത ലക്കത്തിൽ: എസെൻഷ്യൽ പ്രാക്റ്റിസ്; ജസ്റ്റീസ് ധൂലിയയുടെ പഠനങ്ങൾ)*

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 19

# ആദ്യം പുലർച്ച, പിന്നെ പ്രവചനം!

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

"1907 മാർച്ച് ഏഴിന് ഒരു വഹ്യ് അവതരിച്ചു: 25 ദിവസം"(പേജ് 572).

"മിർസാ പ്രവാചകൻ മനസ്സിലാക്കിയ ഈ വഹ്യിന്റെ വിശദീകരണം ഇങ്ങനെ വായിക്കാം: 'മാർച്ച് 7ന് ശേഷം 25 നാൾ കഴിയുന്നതോടെ പുതിയ ഒരു സംഭവം ഉണ്ടാകും. ആ ദിവസംവരെ അല്ലാഹു അത് തടഞ്ഞുനിർത്തും. അതല്ലെങ്കിൽ 1907 മാർച്ച് ഏഴ് മുതൽ 25 ദിവസംവരെ ഈ സംഭവം ഉണ്ടാകും. 25 ദിവസം എന്ന അർഥം മാത്രം പരിഗണിച്ചാൽ ഏപ്രിൽ ഒന്നിന് സംഭവിക്കുമെന്ന് പ്രതീക്ഷിക്കാം. കാരണം ദൈവിക ഇൽഹാമിൽ മാർച്ച് 7, 25 ദിവസത്തിൽ പെടും എന്ന അവസ്ഥയിൽ 25 ദിവസങ്ങൾ പൂർത്തിയാവുക മാർച്ച് 31നാണ്. എങ്കിൽ പ്രവചനപുലർച്ച സംഭവിക്കുക ഏപ്രിൽ ഒന്നിനായിരിക്കും. പിന്നെ സംഭവം എന്താണെന്ന ചോദ്യം ഉദിക്കുന്നു. അതിന്റെ മറുപടി ഇപ്പോൾ പറയാനാവില്ല. 'അത്ഭുതകരമായ സംഭവം.' ഇങ്ങനെ പറയാനല്ലാതെ പറ്റില്ല. നമ്മുടെ വ്യക്തിപരമാണോ സുഹൃത്തുക്കളുമായോ ശത്രുക്കളുമായോ ബന്ധപ്പെട്ടതാണോ ഈ സംഭവം എന്നും പറയാൻ കഴിയില്ല. അല്ലാഹു മറച്ചുവെച്ച കാര്യമാണ്, നമുക്ക് വെളിപ്പെടുത്താനാവില്ല. ഏതായാലും സംഭവിച്ചശേഷം പ്രവചനത്തിന്റെ സ്വഭാവത്തിൽ തെളിഞ്ഞു കൊള്ളും" (പേജ് 592).

ഇതു വായിക്കുമ്പോൾ നിങ്ങൾ

ക്ക് ബേപ്പൂർ സുൽത്താന്റെ 'സ്ഥലത്തെ പ്രധാന ദിവ്യനെ' ഓർമവരുന്നെങ്കിൽ അത് സ്വാഭാവികം മാത്രമാണ്.

ഇതൊരു പ്രത്യേകതരം പ്രവചനമാണ്. സംഭവിച്ച ശേഷമാണ് എന്തായിരുന്നു പ്രവചനം എന്ന് പറയുക! അതിന് കാരണക്കാരൻ അല്ലാഹു തന്നെയാണത്രെ! അവൻ ഒളിപ്പിച്ചുവെച്ച കാര്യം മിർസക്ക് വെളിപ്പെടുത്തിക്കൂടല്ലോ. ഏതായാലും ഒരു 'പ്രവാചകൻ' സ്വന്തം അടയാളമായി സമർപ്പിച്ച കാര്യമാണിത്!

'തതിമ്മയേ ഹക്വീക്വതുൽ വഹ്‌യി'ൽ 81 മുതൽ 96വരെ പേജുകളിൽ ഇത് സുദീർഘമായി വിവരിക്കുന്നുണ്ട്. ചുരുക്കം ഇതാണ്:

"അന്നേദിവസം ആകാശത്തൊരു തീജ്വാല പ്രത്യക്ഷപ്പെട്ടു. ആയിരക്കണക്കിനാളുകൾ അത് കണ്ടു ബോധംകെട്ടുവീണു. വായിൽ വെള്ളം ഒഴിച്ചപ്പോഴാണ് പലരും എഴുന്നേറ്റത്."

ജ്വാല കാണാൻ കഴിഞ്ഞ നഗരങ്ങളുടെ ലിസ്റ്റ് കൊടുത്ത ശേഷം ഇതുമായി ബന്ധപ്പെട്ട ഇൽഹാമുകൾ വിവരിക്കുന്നു. എവിടെ എപ്പോൾ പറഞ്ഞു എന്ന് പറയാതെ 'അശ്രദ്ധയിൽ ആണ്ടവരേ, ആകാശം തീ വർഷിക്കാൻ പോകുന്നു' എന്നതാണ് ഒന്ന്. 'തദ്കിറ'യിൽ അങ്ങനെ ഒരു ഇൽഹാം കണ്ടെത്താനായിട്ടില്ല.

മറ്റൊന്ന്, തന്നെ മൂസാനബിയായി കണ്ട അല്ലാഹു പറഞ്ഞു: "മലമുകളിൽ അദ്ദേഹത്തിന്റെ രക്ഷിതാവ് പ്രഭാവിതനായപ്പോൾ അത് ഛിന്നഭിന്നമായി. മൂസാ ബോധംകെട്ടുവീണു."

പിന്നെ ഹാമാനെയും ക്വാറൂനെയും വിളിച്ചുകൊണ്ട് 'നിങ്ങൾ ഭയപ്പെടുന്ന ദിവസം കാണിച്ചുതരും' എന്ന് ഉർദുവിൽ ഭീഷണിപ്പെടുത്തി. ഇങ്ങനെ 60,70 ഇൽഹാമുകൾ അവതരിച്ചിട്ടുണ്ട് എന്ന് പറയുന്നു. ഒരു കാര്യം തീർച്ചയാണ്, തീയെന്നോ ആകാശമെന്നോ പദങ്ങളുള്ള ഒരു വാക്യം


> **"അന്നേദിവസം ആകാശത്തൊരു തീജ്വാല പ്രത്യക്ഷപ്പെട്ടു. ആയിരക്കണക്കിനാളുകൾ അത് കണ്ടു ബോധംകെട്ടുവീണു. വായിൽ വെള്ളം ഒഴിച്ചപ്പോഴാണ് പലരും എഴുന്നേറ്റത്.'' ജ്വാല കാണാൻ കഴിഞ്ഞ നഗരങ്ങളുടെ ലിസ്റ്റ് കൊടുത്ത ശേഷം ഇതുമായി ബന്ധപ്പെട്ട ഇൽഹാമുകൾ വിവരിക്കുന്നു. എവിടെ എപ്പോൾ പറഞ്ഞു എന്ന് പറയാതെ 'അശ്രദ്ധയിൽ ആണ്ടവരേ, ആകാശം തീ വർഷിക്കാൻ പോകുന്നു' എന്നതാണ് ഒന്ന്. 'തദ്കിറ'യിൽ അങ്ങനെ ഒരു ഇൽഹാം കണ്ടെത്താനായിട്ടില്ല. മറ്റൊന്ന്, തന്നെ മൂസാനബിയായി കണ്ട അല്ലാഹു പറഞ്ഞു: "മലമുകളിൽ അദ്ദേഹത്തിന്റെ രക്ഷിതാവ് പ്രഭാവിതനായപ്പോൾ അത് ഛിന്നഭിന്നമായി. മൂസാ ബോധംകെട്ടുവീണു.''**


പോലും ഇതിനു മുമ്പുള്ള ഒറ്റ 'ഇൽഹാമി'ലും ഇല്ല. ഉണ്ടായിരുന്നെങ്കിൽ നൂറുവട്ടം അത് ആവർത്തിക്കുമായിരുന്നു. എങ്കിൽ പിന്നെ 16 പേജുകളിലായി ഉപന്യസിച്ചത് എന്താണെന്നായിരിക്കും നിങ്ങൾക്ക് സംശയം ഉണ്ടാവുക.


മൂന്ന് പേജുകളിലായി നിറഞ്ഞുനിൽക്കുന്ന അടിക്കുറിപ്പിൽ, 'ബാലമുകുന്ദ് ജി കുറഞ്ചപതിറാം കലിയുഗത്തിൽ അവതരിച്ചു, സന്തുക്കളെ പ്രയാസത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടിയുള്ള പ്രാർഥനയുടെ നോട്ടീസും തർജമയും പ്രസിദ്ധീകരിക്കുകയും ആരുദ്രഗോപാലൻ താനാണെന്നും ആകാശത്ത് കണ്ട തീജ്വാല തന്റെ അടയാളമാണെ'ന്നും വിശദീകരിച്ചിരിക്കുന്നു.

തുടർന്ന് ചില പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളാണ്. ഈ അത്ഭുത പ്രതിഭാസത്തിന്റെ വാർത്താപ്രാധാന്യം അറിയിക്കുകയാണ് ഉദ്ദേശ്യം. തുടർന്നുള്ള പേജുകളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് കത്തുകൾ എഴുതിയ 52 പേരുടെ ജില്ലയും താലൂക്കും സഹിതമുള്ള അഡ്രസ്സും തീയതിയും ചേർത്ത ലിസ്റ്റാണ്. പല നാടുകളിലുള്ളവർ ഈ സംഭവത്തെപ്പറ്റി മിർസക്ക് എഴുതിയതാണവ. ഇതൊക്കെപ്പോരേ മാന്യദേഹം പ്രവാചകൻ ആണെന്ന് വിശ്വസിക്കാൻ?

പക്ഷേ, കാര്യം അതല്ലല്ലോ. ഇവിടെ സംഗതി തലതിരിഞ്ഞു പോയിരിക്കുന്നു. ആദ്യം സംഭവമാണ് വിവരിക്കുന്നത്. പിന്നെയാണ് പ്രവചനം എന്തെന്നു പറയുന്നത്. അവതരിച്ച വഹ്‌യ് '25 ദിവസം' അല്ലെങ്കിൽ '25 ദിവസം






വരെ' എന്ന് മാത്രമാണ്. അപ്പോൾ തന്നെ വ്യക്തമായി പറഞ്ഞതാണ്, 'എന്താണ് സംഭവിക്കുക എന്ന് പറയാൻ അറിയില്ല. എന്നാണ് സംഭവിക്കുക എന്നും വ്യക്തമാക്കാൻ കഴിയില്ല. സംഭവിച്ചശേഷം പ്രവചനമായി കണക്കാക്കിയാൽ മതി' എന്ന്. എന്നാൽ പിന്നെ ഇയാൾ പ്രവാചകനാണെന്ന് വിശ്വസിക്കാം; ബുദ്ധിയും ചിന്താശേഷിയുമൊക്കെ ലണ്ടനിലേക്ക് പാർസൽ ചെയ്യവർക്ക്.

**അക്കങ്ങളും ചാവിയും**

ഇതുവരെ സമർപ്പിച്ച അക്കത്തിലും അക്ഷരത്തിലുമുള്ള സമ്മിശ്ര വഹ്‌യുകൾ ഒന്നോരണ്ടോ സൂക്തങ്ങൾ ഉള്ളവയായിരുന്നു. എന്നാൽ നിരവധി സൂക്തങ്ങൾ ഒന്നിച്ചവതരിച്ച ഒരു ഗണിത സൂറത്ത് സമർപ്പിക്കാം. 1891 ഡിസംബർ 27ന് പ്രസിദ്ധീകരിച്ച പരസ്യത്തിലാണ് ഇതുള്ളത്.

28-27-14-2-27-2-26-2-28-1-23-15-11-1-2-27-24-14-10-1-28-27-47-16-11-34-14-11-7-1-5-34-23-34-11-14-7-23-14-1-14-5-28-1-7-34-1-7-34-11-16-1-14-7-2-1-7-5-1-14-1-1-14-2-28-(പേജ് 157).

"ഈ അക്കങ്ങളും അതിനുള്ളിലെ ചാവിയും ഇൽഹാമിന്റെ ഭാഗം തന്നെയാണ്. അവയുടെ യാഥാർഥ്യം അല്ലാഹുവിനേ അറിയൂ. എന്നാൽ അതിന്റെ സമയത്ത് നിശ്ചയമായും അത് വെളിപ്പെടുക തന്നെ ചെയ്യും. ഇൻ ശാ അല്ലാഹ്" (പേജ് 157, അടിക്കുറിപ്പ്).

സമാഹരിച്ച മൗലവിയുടെ താണ് ഈ അടിക്കുറിപ്പ്. ഈ 'വഹ്‌യിനെയും അതിലടങ്ങിയ ദൈവികസന്ദേശത്തെ'യും കുറിച്ച് ഇതവതരിച്ച 'പ്രവാചകന്' ഒരു ചുക്കും മനസ്സിലായിട്ടില്ല. സാധാരണപോലെ മനസ്സിലായില്ല എന്ന് അയാൾ എഴുതിയിട്ടുമില്ല.

നേരത്തെ ഇത് രേഖപ്പെടുത്തിയ സ്വന്തം പുസ്തകമായ 'ആസ്മാനി ഫൈസല'യിൽ ഇതിനു മുമ്പായി ചർച്ച ചെയ്യുന്നത് മുഹമ്മദീ ബീഗവുമായി ആകാശത്തു വെച്ച് നടന്ന വിവാഹക്കാര്യമാണ്. അതിന്റെ നാളോ തീയതിയോ ആകാമെന്ന് കരുതിയിരുന്നെങ്കിലും പിൽക്കാലത്ത് ചില മലയാളി മുബല്ലിഗുമാർ അതിനു നൽകുന്ന മറുപടികൾ വ്യത്യസ്തമാണ്. മൗലവി മുഹമ്മദ് ഉമറിന്റെ വീക്ഷണത്തിൽ ക്വുർആനിലെ മുഖത്തആത്ത് പോലെ ഈ വചനങ്ങളുടെ ആശയം അവ്യക്തമാണത്രെ. ലോകം അക്കങ്ങളിൽ കറങ്ങുന്ന ആധുനിക കാലഘട്ടത്തിലേക്ക് നിയുക്തനായ പ്രവാചകന് ഗണിത വഹ്‌യുകൾ വന്നതിൽ യാതൊരു ആക്ഷേപത്തിനും വകയില്ല എന്നാണ് മറ്റു ചില ഖാദിയാനി വിശ്വാസികളുടെ മറുപടി.

അക്കവഹ്‌യുകൾ ആദ്യമായി പ്രസിദ്ധീകരിച്ച പുസ്തകത്തിലും പരസ്യത്തിലുമൊക്കെ ഒപ്പമുള്ള ഒരു ചിത്രം വഹ്‌യിൽ ഉൾപ്പെട്ട ചാവിയാണെന്ന് അറിയുന്നത് 'തദ്കിറ' വായിച്ചപ്പോഴാണ്. അക്കങ്ങളുടെ അവ്യക്തതക്ക് മറുപടി തന്നവർ ഇതെന്താണെന്ന് പറയുമായിരിക്കും. ഈ കാലത്ത് ചില ജ്യോത്സ്യന്മാരും ഗണിതന്മാരും ദൈവേതര ശക്തികളുടെ പൂജയുമായി ബന്ധപ്പെട്ട ചില ചിഹ്നങ്ങളും വരകളും ഉപയോഗിക്കാറുണ്ട്. അത്തരം ഒന്നാണോ ഇതെന്നറിയില്ല. ഏതായാലും ഈ ചാവികൊണ്ട് ഗണിതവഹ് യുകളുടെ ആശയം ആർക്കും തുറക്കാൻ സാധിച്ചിട്ടില്ല എന്നതാണ് സത്യം. ■

**അക്കവഹ്‌യുകൾ ആദ്യമായി പ്രസിദ്ധീകരിച്ച പുസ്തകത്തിലും പരസ്യത്തിലുമൊക്കെ ഒപ്പമുള്ള ഒരു ചിത്രം വഹ്‌യിൽ ഉൾപ്പെട്ട ചാവിയാണെന്ന് അറിയുന്നത് 'തദ്കിറ' വായിച്ചപ്പോഴാണ്. അക്കങ്ങളുടെ അവ്യക്തതക്ക് മറുപടി തന്നവർ ഇതെന്താണെന്ന് പറയുമായിരിക്കും. ഈ കാലത്ത് ചില ജ്യോത്സ്യന്മാരും ഗണിതന്മാരും ദൈവേതര ശക്തികളുടെ പൂജയുമായി ബന്ധപ്പെട്ട ചില ചിഹ്നങ്ങളും വരകളും ഉപയോഗിക്കാറുണ്ട്. അത്തരം ഒന്നാണോ ഇതെന്നറിയില്ല. ഏതായാലും ഈ ചാവികൊണ്ട് ഗണിതവഹ് യുകളുടെ ആശയം ആർക്കും തുറക്കാൻ സാധിച്ചിട്ടില്ല എന്നതാണ് സത്യം.**





# ദൃഷ്ടാന്തങ്ങൾ

**അബ്ദുൽ ജലീൽ**

പറവകൾ പാട്ടുപാടിയുണർത്തുന്ന
പുലരിതൻ മുഗ്ധ ലാവണ്യത്തിലും
ചൂടും വെളിച്ചവുമേകി ജ്വലിക്കുന്നൊ-
രർക്കന്റെയനുസ്യൂതമാം പ്രയാണത്തിലും
ആകാശമേലാപ്പിലവർണനീയമാം നിറ-
ക്കൂട്ടുകളൊരുക്കും സന്ധ്യതൻ കലയിലും
പകലിനെ പതുക്കെ പിന്തുടർന്നണയുന്ന
രാത്രിതൻ ഭീതിയുണർത്തുമിരുട്ടിലും
മനസ്സിൽ വിസ്മയപ്പൂക്കൾ വിതറുന്ന
താരകക്കൂട്ടത്തിൻ മിന്നലാട്ടത്തിലും
ചക്രവാളത്തിൽ പീലിവിടർത്തുന്ന
മാരിവില്ലിൻ സൗകുമാര്യത്തിലും
തട്ടാതെ, മുട്ടാതെ പായും ഗ്രഹങ്ങളിലും
പാൽനിലാവൊഴുക്കും ചന്ദ്രപ്രഭയിലും
അലറിക്കുതിച്ചെത്തി കരയെ പുണരുന്ന
കടലലതന്നവിരാമമാം പ്രയാണത്തിലും
വരണ്ട മണ്ണിൽ മഴസ്പർശമേൽക്കവെ
പുതുനാമ്പ് നീട്ടുന്ന പുൽക്കൊടി തന്നിലും
ഇല്ലേ, മനുഷ്യാ ദൃഷ്ടാന്തമെത്രയോ,
ദൈവമുണ്ടെന്നുള്ള കാര്യം ഗ്രഹിക്കാൻ?
ഇല്ലല്ലൊ സൃഷ്ടികൾക്കാർക്കുമെ പങ്കിതിൽ
എന്നിട്ടുമെന്തേയഹന്ത കാട്ടുന്നു നീ?

# പറവകൾ

ഉസ്മാൻ പാലക്കാഴി

സൂര്യനുദിക്കും മുമ്പായി
പറവകളെല്ലാമുണരുന്നു.
കാക്കകൾ, കുരുവികൾ, കൊറ്റികളും
മൈനകൾ, പ്രാവും തത്തകളും
ഇങ്ങനെ പലവിധ പക്ഷികളെ
ദിനവും നമ്മൾ കാണുന്നു.
പുലരും മുമ്പേ ഉണരാനായ്
മടി കാണിക്കില്ലവയൊന്നും.
കിളികൾ കൂടുകൾ കൂട്ടുന്ന
കാഴ്ചയതെന്തൊരു രസമെന്നോ!
അനവധി ചുള്ളിക്കമ്പുകളും
നാരുകളും കണ്ടെത്തുന്നു
അതിനായെങ്ങും അലയുന്നു
ഉയർന്നുയർന്ന് പറക്കുന്നു.
കൗതുകമേറും കൂടുകളാ
കുഞ്ഞിക്കിളികൾ നിർമിക്കും.
മരത്തിലുള്ള കൂടുകളോ,
കാണാനെന്തൊരു രസമാണ്!
കൂടുണ്ടാക്കും വിദ്യയിത്
ആര് പഠിപ്പിച്ചറിയാമോ?
സ്രഷ്ടാവാകും അല്ലാഹു
നൽകിയ കഴിവതുകൊണ്ടല്ലോ.



## രണ്ട് വാല്യങ്ങൾ

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**


WISDOM BOOKS

PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
10 JUNE 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

"അക്ഷര വെളിച്ചത്തിനൊരു
കൈത്താങ്ങ് "

WISDOM students

# വിദ്യാനിധി
## സ്കൂൾ കിറ്റ്




ഒരു കുട്ടിക്ക്
**₹800**

- ഇല്ലായ്മ പഠനത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ, ഒരുമിച്ചൊരു കൈത്താങ്ങ്.
- അക്ഷര മുറ്റത്ത് അവർ തോളോട് തോൾ ചേർന്ന് പഠിക്കട്ടെ.

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

**Account** AXIS BANK

Customer Name : WISDOM ISLAMIC ORGANIZATION EDIFICE
Account Number : 921010054119382
Branch Name : Kozhikode
Branch IFSC : UTIB0000136

**UPI ID** fcbizfibefc@freecharge

SCAN AND PAY

Collect Your Reciept
7560 902 902

*For Queries : 8281 083568, 9072 542 542*

Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode